
ഇതൾ@20
ജി എച്ച് എസ് ഉമ്മിനി



# സന്ദേശം

ലിറ്റിൽ കൈറ്റ്സ് കുട്ടികളുടെ രണ്ടാമത്തെ ഡിജിറ്റൽ മാഗസിൻ ആണ് "ഇതൾ @ 19" കുട്ടികൾക്കുള്ളിൽ ഉറങ്ങികിടക്കുന്ന സർഗ്ഗവാസനകളാണ് ഇതിലൂടെ വിടരുന്നത്. ആധുനിക സാങ്കേതിക വിദ്യയിലുള്ള കുട്ടികളുടെ ശേഷി പ്രകടിക്കുവാനുള്ള അവസരം കൂടിയാണ് ഇതൾ @ 19 ലൂടെ അവർക്ക് ലഭിക്കുന്നത് -ഈ ഉദ്യമത്തിന് എല്ലാവിധ ആശംസകളും നേരുന്നു.

ശ്രീമതി.പങ്കജാക്ഷി

ഹെഡ്മിസ്ട്രസ്




**ശ്രീ.ജയകൃഷ്ണൻ**

**പി ടി എ പ്രസിഡന്റ്**

**ജി എച്ച് എസ് ഉമ്മിനി**

**ആശംസകൾ**

**വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലേക്കുള്ള പാതയിൽ ഒരു മുതൽക്കൂട്ടാണ് ലിറ്റിൽകൈറ്റ്സ്.ജി.എച്ച്.എസ് ഉമ്മിനിയിൽ ലിറ്റിൽകൈറ്റ്സിന്റെ പ്രവർത്തനങ്ങൾ സജീവമായി നടക്കുന്നുണ്ട്.ലിറ്റിൽകൈറ്റ്സിന്റെ ഡിജിറ്റൽമാഗസിനായ ഇതൾ@20 ന് എല്ലാ വിധ ഭാവുകങ്ങൾ നേരുന്നു.**



**ഹഫ്സ ഷിറിൻ**

എഡിറ്റർ

'ഇതൾ @20'ലൂടെ ഞങ്ങളുടെ ഉള്ളിൽ ഉറങ്ങിക്കിടക്കുന്ന ഒരുപാട് സർഗവാസനകൾ പുറത്തു കൊണ്ടുവരാൻ കഴിഞ്ഞു.

ഈ മാഗസിനിലൂടെ ഞങ്ങളുടെ എഴുത്തിലും വായനയിലും ഉള്ള കഴിവുകൾ പ്രകടിപ്പിക്കാനും കൂടാതെ, ആധുനിക സാങ്കേതിക വിദ്യയിലുള്ള കഴിവുകൾ പ്രാവർത്തികമാക്കാനും കഴിഞ്ഞു. ഞങ്ങളുടെ ആശയങ്ങളും കഴിവുകളും മറ്റു വായനക്കാരിലേക്ക് എത്തിക്കാനാകും എന്നു കരുതട്ടെ....

# എഡിറ്റോറിയൽ



# ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് ജി. എച്ച്. എസ്. ഉമ്മിനി



# ഉള്ളടക്കം

കവിത

കഥ

ലേഖനം

അനുഭവകുറിപ്പ്

കത്ത്

യാത്രാവിവരണം

ജീവചരിത്രകുറിപ്പ്




വെള്ളമുള്ള ഗ്രാമം
വെള്ളമില്ലാത്ത ഗ്രാമം



# മുത്തച്ഛൻ

മിഴി പൂട്ടിക്കിടക്കുകയാണ് മുത്തച്ഛൻ
ആരോടും ഒന്നും ഉരിയാടാതെ
പിണക്കമാണോ ആരുമാരും അടുക്കലില്ലെന്ന
വിരോധമാണോ
കൈകാൽ തടവുവാൻ  പേരമക്കൾ
അടുത്തുണ്ട്ട മുത്തച്ഛൻ കൺ തുറക്കൂ
'നൊച്ചി'യെന്ന വിളിക്കേട്ട തൽക്ഷണം ഞാൻ-
ഒരഞ്ചുവയസ്സുകാരി പൈതലായി
താങ്ങാണ തണലാണ എന്നുമീകിടാങ്ങൾക്ക്
സുരക്ഷിതത്വത്തിൻ മേലാപ്പുമാണ്
പോകയാണോ  മുത്തച്ഛൻ പോകയാണോ
ഈ ചെറുമക്കളോട് യാത്ര പറഞ്ഞീടാതെ
ഇല്ലപിരിയാൻ കഴില്ല മുത്തച്ഛനീ
തറവാടുമീകിടാങ്ങളെയും
ചാഞ്ഞിരിക്കുന്നുണ്ടാംചാരുകസേരയിൽ

പ്രകൃതിതൻ വൈഭവങ്ങളെയെണ്ണിയെണ്ണി
വഴക്കിടുന്ന നാം മുത്തശ്ശിയോടോരോ
പയ്യാരങ്ങൾ വെറുതെ ചൊല്ലി ചൊല്ലി
മൂവാണ്ടൻ മാവിൽ മാമ്പൂ പൊടിഞ്ഞതും
തെക്കേലേ പ്ലാവിൽ ചക്ക കിളിർത്തതും
ദുർവിധി തൻ ശക്തമാം കരങ്ങൾ
കൊണ്ടൊന്ന തലോയെൻ മുത്തച്ഛനെ
കുഞ്ഞായിരുന്ന നാൾ ഞാൻ കേട്ട താരാട്ടും
കൊച്ചു കഥകളും മാറ്റൊലിയായ്.......

# പോയ വസന്തമേ........

പോയ വസന്തമേ വീണ്ടും വരിക നീ.....

ഒരു കുളിർക്കാറ്റായി.....

കിളിതൻ പാട്ടായി.....

നിലാപെയ്ത്തായി......

ചാറ്റൽ മഴയായി.......

നീ വരുന്നതും ,

കാതോർത്ത്

ഞാനിരിക്കും.......

നിൻ ഓർമ്മകൾ തൻ

ആരാമത്തിൽ.......

# വരൾച്ചക്കാലം!

വാക്കുകൾക്ക്

വരൾച്ചക്കാലമാണ് ,

ഉള്ളിൽകിടന്ന് വീർപ്പുമുട്ടുന്നവാക്കുകൾ,

പുറത്തുവന്നാൽ ,

ഹിന്ദുവോ , ക്രിസ്ത്യാനിയോ,

മുസൽമാനോ ആയാലോ......

# ഭൂമി

ആദ്യം കുഴിച്ചത് കൈകൾ കൊണ്ടായിരുന്നു....

അമ്മിഞ്ഞപ്പാലിൻ മാധുര്യമേറിയത് കൊണ്ടോ....

നഖത്തിന്റെ മൂർച്ച കുറഞ്ഞത് കൊണ്ടോ.....

മാന്തിയെന്ത്രം സഹായത്തിനെത്തിയപ്പോഴേക്കും,

നമുക്ക് അമ്മയെ തന്നെ നഷ്ടമായി............

# ക്ഷണം

ആടിടുമ്പോൾ  കുനുകുനയായി
എന്നിതൾ പൊഴിഞ്ഞിടും ചെമ്പകത്തിൻ-
താഴ്ന്ന കൊമ്പത്തെന്റെ ഊഞ്ഞാല്
കാറ്റടിച്ചാൽ മാമ്പഴങ്ങൾ തുരു-
തുരയായിവീഴും
കേട്ടമാവിൻ ചോട്ടിലായെൻ-
കൊച്ചു കളിവീട്
നീ വരുമോ എന്റെ ഊഞ്ഞാൽ-
പ്പടിയിലേറാനും
കൂട്ടുകാരെ എന്റെ യി-

ക്കളിവീടുകാണാനും...

റുസഫിദ 9.a

# അവഗണിക്കപ്പെടുന്ന മാതൃത്വം

വൃദ്ധരായ അമ്മമാരേയും അച്ഛൻമാരേയും തിരിഞ്ഞുനോക്കാത്ത മക്കളെ കുറിച്ചുള്ള വാർത്തകൾ നാം ദിവസവും കേൾക്കുന്നു. ഉപയോഗം കഴിഞ്ഞ വസ്ത്തുക്കൾ വലിച്ചെറിയുന്ന ലാഘവത്തോടെ മാതാപിതാക്കളെ തെരുവിലേക്ക് ഉപേക്ഷിക്കുകയും വൃദ്ധസദനങ്ങളിലാക്കുകയും ചെയ്യുന്നു. മക്കൾക്കുവേണ്ടി ജിവിതം മാറ്റിവച്ചവർ വാർ ധക്യമെത്തുമ്പോൾ അവഗണിക്കപ്പെടുന്ന സ്ഥിതിയിലാണിന്ന്. എന്താണിതിനുകാരണമെന്ന് നാം ആലോചിക്കേണ്ടതാണ്.

അണുകുടുമ്പാവസ്ഥയാണ് ഇതിനു കാരണം. പലപ്പോഴും ഇതിനു കാരണമായി ചൂണ്ടിക്കാണിക്കുന്നത് വാർ ധക്ക്യത്തിലെത്തുമ്പോഴാണ് . അവർക്ക് മക്കളുടെ

സ്നേഹവും പരിഗണനയും സാനിധ്യവും
ആവശ്യമുള്ളപ്പോൾ. ഇതു മനസ്സിലാക്കാതെ
തിരക്കിട്ടുപായുന്നവർ ഒരിക്കൽ തങ്ങളെയും
കാത്തിരിക്കുന്നത് ഇതേ അവഗണനയാണെന്ന് ഓർ
ക്കണം. മനുഷ്യവർഗം ഇതുവരെ ഉച്ചരിച്ചതിൽ ഏറ്റവും
മനോഹരമായ വാക്ക് അമ്മ എന്നാണ് എന്ന ഖലീൽ
ജിബ്രാന്റെ വാക്കുകൾ ഇവിടെ നമുക്ക് ഓർക്കാം.
അമ്മയെ മറന്നുള്ള യാത്രകൾ
ലക്ഷ്യത്തിലെത്തില്ലെന്ന എന്ന സത്യം നാം
മനസ്സിലാക്കണം . ജീവിത പാതയിൽ തളർന്നു
വീഴുന്ന വൃദ്ധരായ മാതാപിതാക്കൾക്ക് നമ്മുടെ
കൈത്താങ്ങ് ആവശ്യമാണ്. അവർ കൊണ്ട
വെയിലാണ് നമുക്ക് തണലായിമാറിയത് എന്ന് നാം
ഓർക്കണം. വൃദ്ധരായ അമ്മമാരെ അവഗണിക്കുന്നവർ
ക്കെതിരെ കർശനമായ നടപടികൾ
സ്വീകരിക്കേണ്ടതാണ്. മാതൃത്വത്തിന്റെ മഹത്വം
മനസ്സിലാക്കാൻ നമുക്ക് സാധിക്കണം .

മാതാപിതാക്കളെ ദൈവത്തെ പോലെ പൂജിച്ചിരുന്ന പഴയ സംസ്കാരം തിരികെ കൊണ്ടുവരണം. വാർധക്യത്തെ അവഗണിക്കുമ്പോൾ അടുത്ത തലമുറക്ക് കൈമാറേണ്ട മൂല്യങ്ങളാണ് നാം നഷ്ടപെടുത്തുന്നത് എന്ന് തിരിച്ചറിയണം

അസ്ന.എൻ

# അഹങ്കാരത്തിനുള്ള ശിക്ഷ

ഒരു പുതു പ്രഭാതം ജനിക്കുകയാണ്. ഉദയ സൂര്യൻ പുഞ്ചിരിതൂകിക്കൊണ്ട് ഉയർന്നു വരുന്നു. ഉറക്കമുണർന്ന പൂക്കളെല്ലാം സൂര്യനെ ഒരു ചെറു പുഞ്ചിരിയോടെ പ്രഭാത വന്ദനം പറയുന്നു. ഓരോ പുൽ നാമ്പുകളിലും മഞ്ഞുതുള്ളികളാൽ ഒരു കുഞ്ഞു സൂര്യൻ തിളങ്ങുന്നു. എന്നത്തെയും പോലെ വളരെ വൈകിയാണ് പത്തു മണിപ്പൂവ് ഉറക്കമുണരുന്നത്. അതിന്റെപേരിൽ എന്നും മറ്റു പൂക്കൾ കളിയാക്കാറുണ്ടായിരുന്നു. പക്ഷെ അവൾ അത് കാര്യമായി എടുത്തിരുന്നില്ല. ഒരു ദിവസം പതിവു പോലെ അവൾ ഉറക്കമുണർന്നു. തനിക്കു പിന്നിൽ ഒരു ചെമ്പരത്തിപ്പൂ വിടർന്നിരിക്കുന്നത് പെട്ടന്ന് അവളുടെ ശ്രദ്ധയിൽ പെട്ടു. ആ പൂവ് വളരെയധികം ഭംഗിയാർന്നതായിരുന്നു.അതൊരു ചെമ്പരത്തി പൂവായിരുന്നു. വളരെ നല്ല ചുവപ്പു നിറമായിരുന്നു അതിന്. വളരെ വലുതുമായിരുന്നു ആ പൂവ്. എല്ലാ

പൂക്കളിൽ നിന്നും ആ പൂവ് വളരെ ഭംഗിയുള്ള പൂവായിരുന്നു. ആ പൂവിനോട് സൗന്ദര്യത്തിൽ മത്സരിക്കാൻ ആരുമുണ്ടായിരുന്നില്ല ആപൂന്തോട്ടത്തിൽ. അതിന്റെ അഹങ്കാരം ആ ചെമ്പരത്തി പൂവിന് വളരെ അധികം ഉണ്ടായിരുന്നു. അവൾ ഏതു പൂവിനോടും തന്റെ സൗന്ദര്യത്തെ കുറിച്ച് വിശദീകരിക്കുകയും അവരെ താരതമ്യം ചെയ്ത് കളിയാക്കുയും ചെയ്യുമായിരുന്നു. ആ ചെമ്പരത്തി പൂവ് ഏറ്റവും കൂടുതൽ കളിയാക്കിയത് പത്തു മണി പൂവിനെയായിരുന്നു. പത്തു മണിപൂവ് വളരെ ചെറിയതും ഏറ്റവും താഴയുമായതുകൊണ്ടാണ് കളിയാക്കിയിരുന്നത്. പക്ഷെ പത്തുമണിപൂവ് ചെമ്പരത്തിപൂവിന്റെ കളിയാക്കലിനൊന്നും മുഖം കൊടുത്തിരുന്നില്ല. ചെമ്പരത്തിപൂവിന്റെ സൗന്ദര്യത്തിൽ പത്തുമണിപൂവിന് അസൂയയും ഉണ്ടായിരുന്നില്ല.മറ്റ് ഏതു പൂക്കൾകും ചെമ്പരത്തി പൂവിനെ ഇഷ്ടമായിരുന്നില്ല. അപ്പോഴാണ് ആ പൂന്തോട്ടത്തിന്റെ മുഖ്യ നോക്കി നടത്തിപ്പ കാരൻ അതുവഴി വന്നത് . അയാളുടെ കൈയിൽ ഒരു വല്ല്യ

കത്രികയും ഉണ്ടായിരുന്നു. അപ്പോൾ തന്നെ അവർക്ക് മനസ്സിലായി ഏതോ ചെടിയെ വെട്ടാൻ വന്നതാണെന്ന്. പൂന്തോട്ടത്തെ ഭംഗിയോടെ സൂക്ഷിക്കണമെന്നത് തന്നെയാണല്ലോ അയാളുടെ ജോലിയും. തന്നെയാണോ വെട്ടാൻ വരുന്നതെന്ന് എല്ലാ ചെടികളുടെയും മനസ്സിൽ ഒരു ഭയം ഉണർന്നു. പക്ഷെ ചെമ്പരത്തിപ്പൂവിന്റെ മനസ്സിൽ മാത്രം അങ്ങനെ ഒരു ഭയം വന്നില്ല. കാരണം അവൾ വിചാരിച്ചു താൻ വളരെ അധികം ഭംഗിയുള്ളതുകൊണ്ട് തന്നെ വെട്ടില്ലെന്ന്. അയാൾ എല്ലാ ചെടിയെയും വെട്ടി കളഞ്ഞ് ഒന്ന് സൂക്ഷിച്ചു നോക്കി എന്നിട്ട് മെല്ലെ അയാൾ ചെമ്പരത്തി ചെടിക്കുനേരെ വന്നു. എന്നിട്ട് ചെമ്പരത്തി ചെടിയെ ഒറ്റ വെട്ട്. ആ ചെറിയ ചെടിയും അതിലുണ്ടായ ആ അഹങ്കാരിയായ ചെമ്പരത്തി പൂവും മറിഞ്ഞു വീണു. അയാൾ അതു വെട്ടാൻ കാരണം ചെമ്പരത്തിചെടി വഴിയിലായിരുന്നു നിന്നിരുന്നത്. മറ്റ് ചെമ്പരത്തി ചെടികളുടെ നിരയിലായിരുന്നില്ല നിന്നിരുന്നത്. ആ തോട്ടത്തിൽ ആചെടിയെ മാത്രമായിരുന്നു വെട്ടിയിരുന്നത്. ആ ചെടിക്കു

മാത്രമായിരുന്ന തോട്ടത്തിൽ ഏറ്റവും അധികം അഹങ്കാരവും. അതുകൊണ്ട് മറ്റ ചെടികൾക്കെല്ലാം മനസ്സിലായി ഒരിക്കലും അഹങ്കാരിക്കാൻ പാടില്ലെന്നും അഹങ്കാരിച്ചാൽ അതിനുള്ള തക്കതായ ശിക്ഷ തിരിച്ച കിട്ടുമെന്നും ,ആരെയും കളിയാക്കാൻ പാടില്ലെന്നും ഇതൊന്നും ഒരിക്കലും നല്ലതിനല്ലായെന്നും.......

അഖില . യു

# അമ്മ

ുമഞ്ഞ് പൊഴിയുന്ന യാമം മാതൃത്വത്തിന്റെ വിരലുകളാൽഎന്നെ സ്പർശിച്ച പെൺമ, എന്റെ അമ്മ . അമ്മയുടെ മധുരം വേറെ ആർക്ക് നൽകാൻകഴിയും

ഒരു ദിവസം ഞാൻ എന്റെഅമ്മയോട് ചോദിച്ചു എനിക്ക് പതിനെട്ട് വയസ്സാകുമ്പോൾ എനിക്കമ്മെ എന്തുതരും അത് അപ്പോഴല്ലേ അപ്പോആലോചിക്കാം പുസ്തകത്തിന്റെ കടലാസുകൾ പോലെ പെട്ടെന്നു മറഞ്ഞു പോയ ദിവസങ്ങൾ ഒരോ ദിവസം കൂടുമ്പോഴും അമ്മയോടുള്ള സ്നേഹം കൂടക്കൂടി വന്നു . ഒരുനാൾ സ്കൂളിൽ വച്ച് ഞാൻ തലകറങ്ങിവീണു. പിന്നീട് നടന്നതൊന്നും ഞാൻ അറിഞ്ഞില്ല. ഇരുട്ടിന്റെ മായാപ്രപഞ്ചം എന്നെ മൂടിയതുപോലെ... പിന്നെ ഞാൻ ഉണർന്നപ്പോൾ ഒരു ആശുപത്രിയിലായിരുന്നു. അവിടുത്തെ നഴ്സുമാരുടെ അടുത്ത് നിന്നും ഞാൻ കാര്യങ്ങളെല്ലാം അറിഞ്ഞു. ഇത്രനാൾ ഹൃദയത്തിന്റെ തകരാറുമൂലം ഞാൻ വേദനകൾ അനുഭവിക്കുകയായിരുന്നു. അവിടെന്ന് ഡിസ്ചാർജ് ആയപ്പോൾ ഞാൻ അമ്മയെ കാണാനായി വീട്ടിൽ വന്നു. എങ്ങും ശൂന്യം അവിടെ ആരുമുണ്ടായിരുന്നില്ല. അമ്മ എന്ന എന്റെ വിളിക്ക് അന്ത്യമില്ലാതായി. മുക്കിലും മൂലയിലും തിരഞ്ഞിട്ടും എനിക്കെന്റമ്മെയെ കണ്ടെത്താനായില്ല. അവസാനം അമ്മയുടെ അലമാറിയിൽ നിന്ന് ചിതൽ പിടിച്ച് കിടക്കുന്ന ഒരു കത്ത്കിട്ടി അത് അമ്മയുടെതായിരുന്നു. അതിൽ എഴുതിയിരിക്കുന്നത് ഇങ്ങനെയായിരുന്നു.

പ്രിയപ്പെട്ട , മോനേ

നീസുഗമായിരിക്കുന്നില്ലെ ? നീ അന്ന് എന്നോട് ചോദിച്ചിരുന്നില്ലെ നിനക്ക് പതിനെട്ട് വയസാകുമ്പോൾ എന്തു തരുമെന്ന് .ഇതാ ഈ ലോഗത്തിലെ ആരും തരാത്ത ഒരു സമ്മാനം നിനക്ക് ഞാൻ തരുന്നു. എന്റെ ഹൃദയം അത് നീ ഭദ്രമായി സൂക്ഷിക്കണം. അതിന് പോറലുകളേൽക്കാതെ നീ സൂക്ഷിക്കണം . ഞാൻ നിന്റെ കൂടെ ഇല്ലെന്നോർത്ത് വിഷമിക്കരുത്. എന്നെ കാണാൻ തോന്നുമ്പോൾ നീ ഹൃദയത്തിൽ തൊട്ടുനോക്ക് എന്റെ അന്ത്യത്തിൽ ഞാൻ അനുഭവിച്ച വേദനയുടെ മിടിപ്പ് നിനക്ക് കേൾക്കാം അത് നിന്നെ പുനർ ജീവിപ്പിക്കും.

എന്ന് ,നിന്റെ സ്വന്തം

അമ്മ

അമ്മയുടെ ആ വാക്കുകൾ എന്റെ മനസ്സിൽ ആഴത്തിൽ പതിച്ചു ഈ നിമിഷം ഞാൻ അമ്മയ്ക്ക് തരാൻ കഴിയുന്നത് എന്റെ നെഞ്ചിൽ നീറിപുകഞ്ഞുവീഴുന്ന കണ്ണീർ തുള്ളികൾ മാത്രം.ഇപ്പോൾ എന്റെ മുമ്പിലുള്ളത് ഒരായിരം നന്ദി പറഞ്ഞാലും തീരാത്ത എന്റെ അമ്മയുടെ നഗര യതനകൾ

ജ്യോതി കൃഷ്ണ
9a.

# ഒരമ്മയുടെ രോദനം

ചെറു ഗ്രാമം ,അവിടെ ഒരു കൊച്ചു വീട്.അമ്മയും അച്ഛനും മൂന്നു മക്കളും അടങ്ങുന്നവീട്. അച്ഛൻ പോളിയോബാധിച്ച് കിടപ്പിലാണ് .അമ്മയാണ് ഇവരെ മൂന്നാളെയും സ്കൂളിലേക്ക് വിടുന്നതും മറ്റുചിലവുകൾനോക്കുന്നതും. മറ്റുള്ളവരുടെ വീട്ടിൽ ജോലി ചെയ്തും കൃഷിയിടങ്ങളിൽ പണി ചെയ്തുമാണ് ഇവരെ മൂന്നാളെയും അമ്മ നോക്കുന്നത്. അവർ വളർന്ന് വലുതായി ജോലിക്കു പോയിട്ടു വേണം അച്ഛനെയും അമ്മയെയുംനോക്കാൻ. എന്നാൽ അവരെ പഠിപ്പിക്കാൻ പോലും ആ അമ്മ വളരെ കഷ്ട്ടപെടുന്നു

അഴുകിയ വസ്ത്രം വിണ്ടു കീറിയ കാലുകൾ മുടികൾഎണ്ണയില്ലാതെവരണ്ടിരിക്കുന്നു. ഭക്ഷണമില്ലാതെ മെലിഞ്ഞ് ഒട്ടിയിരിക്കുന്ന ശരീരം. ഒറ്റനോട്ടത്തിൽ തന്നെ അവർ ഒരു സാധുവാണെന്ന്

അറിയാം.കുറച്ച് നാൾകഴിഞ്ഞു മക്കൾ വളർന്നു വലുതായി.അമ്മയ്ക്ക് ജോലിചെയ്ത് അവരെ വളർത്തി വലുതാക്കാൻ കഴിയാതെയായി. കാരണം അവർ വലുതാകുന്തോറും അവരുടെ ആഗ്രഹങ്ങൾ വലുതാകുകയാണ് പക്ഷെ അതെല്ലാം നിറവേറ്റാൻആ അമ്മയ്ക്ക് സാധിക്കുന്നില്ല. അതുകൊണ്ട് തന്നെ അവരെ ഹോസ്റ്റലിലാക്കാൻ തീരുമാനിച്ചു. അത് ഒരമ്മ ചെയ്യാൻപാടില്ലാത്തതാണ് എന്ന് അവർക്ക് അറിയാം എന്നാലും അവരുടെ അവസ്ഥയാലോചിക്കുമ്പോൾ ഇതാണ് ശരിയായ വഴിയെന്ന് തോന്നി.

കുറച്ചുനാൾക്കുശേഷം മക്കളുടെ കത്തു വന്നു. അതറിഞ്ഞപ്പോൾ അമ്മയ്ക്ക് വളരെ സന്തോഷം തോന്നി. കുറേ നാളുകൾക്കു ശേഷം വന്ന കത്തല്ലേ എന്നോർത്ത് അമ്മ കത്തു തുറന്നു നോക്കുമ്പോൾ. നെഞ്ച് കത്തുന്നതു പോലെയാണ് അതിൽ എഴുതിയിരിക്കുന്നത്. കൂടെ കുറച്ചു പൈസയും. അതിൽ എഴുതിയിരിക്കുന്നത് ഇങ്ങനെയാണ് ഞങ്ങൾക്ക് ജോലികിട്ടി ഞങ്ങൾ വിദേശത്തേക്ക് പോവുകയാണ് അതുകൊണ്ട് അമ്മ ഏതെങ്കിലും വൃദ്ധസദനത്തിൽ

പോയി നിന്നോളൂ പിന്നെ കുറച്ചു പൈസ അത് അച്ഛനെ ചികിൽസിക്കാൻ .ഇതറിഞ്ഞിട്ടുണ്ടാവുന്ന ആ അമ്മയുടെ മനോഃവേദന ആ മക്കൾ അറിയുന്നുണ്ടാവുമോ..... അവർ ആ അമ്മയെ ഒന്നു വന്നു കാണുമോ...

നാം എത്രപഠിച്ച് വലുതായാലും സ്വന്തം അമ്മയെയും അച്ഛനെയും മറക്കരുത് .

ഇത് പുതിയ തലമുറയ്ക്ക് ഒരു പാഠമാവട്ടെ....

# കത്ത്

പ്രിയപ്പെട്ട സ്നേഹയ്ക്ക്,

നിനക്ക് സുഖമാണോ എനിക്ക് സുഖമാണ്. നിന്റെ അച്ഛനും അമ്മയ്ക്കും ചേച്ചിമാർക്കും സുഖമല്ലേ . പിന്നെ ഞാൻ ഈ കത്ത് നിനക്ക് അയക്കുന്നത് വളരെ അധികം സന്തോഷമുള്ള ഒരു കാര്യം പറയാനാണ്. 15. 11. 19 വെള്ളി ഞങ്ങൾ ടൂർ പോയി നല്ല രസമായിരുന്നു. രാവിലെ നാല് മണിക്ക് ഞാൻ എണീറ്റു. നാലെ നാല്പ്പത്തിയഞ്ചിന് സ്കൂളെത്തണമായിരുന്നു. അബിഷേക് ബസ്സിലാണ് ഞങ്ങൾ പോയത്. എന്റെ ക്ളാസിൽ നിന്നും ജാസ്മിൻ, സൂര്യ, ജ്യോതി, പിന്നെ ഞാനുമായിരുന്നു പോയിരുന്നത്.ബസ്സിൽ മൂന്ന് ഏട്ടൻമാരുണ്ടായിരുന്നു. അവരെ ഞങ്ങൾ പരിചയപ്പെട്ടു. ഷെമീർ, പ്രഭീഷ്, സുഭാഷ്,. എന്നായിരുന്നു അവരുടെ പേര്. നിന്നെ ഞങ്ങൾ ഒരുപാടു മിസ് ചെയ്തു മുത്തേ..... ഇനി ടൂർ വരുമ്പോൾഒപ്പം പോകാം അപ്പോൾ. പിന്നെ ഞങ്ങൾ ധ്യാനകേന്ദ്രത്തിൽ പോയി. അവിടെ നിന്ന് രാമശേരി ഇടലി കഴിച്ചു. നല്ല രസമായിരുന്നു അവിടെന്ന് മെട്രോയിൽ പോയി എയർ പോട്ടിൽ പോയി വിമാനം കണ്ടു. ആലുവയിൽ നിന്ന് കളമശ്ശേരിയിൽ ആണ് ഇറങ്ങിയത് അവിടെന്ന് ബോട്ടിൽ കയറി നല്ല രസമായിരുന്നു. ഡാൻസുകളിച്ചു ടീച്ചർമാരുടെ വക ഫാഷൻ ഷോയും ഉണ്ടായിരുന്നു. അവിടെ നിന്ന് ബിരിയാണി കഴിച്ച് നേരെ ബീച്ചിൽ പോയി ഒന്നര മണിക്കൂർ ബീച്ചിലും അതുപോലെ ഒന്നര മണിക്കൂർബോട്ടിലുമായിരുന്നു.

അവിടെന്ന് നേരെ വീട്ടിലേക്ക് മടങ്ങുകയായിരുന്നു. എന്നാലും മറക്കാൻ പറ്റാതിരുന്നത് ഞാനും ജാസുവും ഡാൻസ് കളിച്ചതായിരുന്നു. അടുത്ത യാത്രക്കായി കാത്തിരിക്കുന്നു, നീയും വരുമെന്ന പ്രതീക്ഷയോടെ....

എന്ന് സ്നേഹപൂർവം

സൂര്യ.എ

# അമ്മ

ഒരിടത്ത് ഒരു ഗ്രാമത്തിൽ ഒരു കുഞ്ഞു പിറക്കുകയായിരുന്നു. കുഞ്ഞ് ജനിക്കുന്നതിന് മുൻപ് കുഞ്ഞിന് ഒരു സംശയമുണ്ടായിരുന്നു. ഞാൻ എത്ര ചെറിയ കുഞ്ഞാണ് ഞാൻ എങ്ങനെ ഭൂമിയിൽ ജനിക്കും. അത്കൊണ്ടു തന്നെ കുഞ്ഞ് ദൈവത്തോട് പറഞ്ഞു എനിക്ക് എങ്ങോട്ടും പോകണ്ട ഞാൻ നിന്റെ അടുത്ത് തന്നെ ഇരുന്നോളാം എന്ന്. അപ്പോൾ ദൈവം പറഞ്ഞു എന്റെ അടുത്ത് ധാരാളം മാലാഖമാരുണ്ട് ഒരു മാലാഖയെ ഞാൻ നിന്റെ കൂടെ വിടാം എന്ന് ദൈവം പറഞ്ഞപ്പോൾ കുഞ്ഞ് ദൈവത്തോട് പറഞ്ഞു ഞാൻ നിന്റെ അടുത്തായിരുന്നപ്പോൾ പാട്ടു പാടുകയും കളിയും ചിരിയും എല്ലാം ആയിരുന്നു അത്ര മതിയോ ഞാൻ ഭൂമിൽ ചെന്നാലും.അപ്രോൾ ദൈവം പറഞ്ഞു നിന്നെ നോക്കുന്ന മാലാഖ നിനക്ക് പാട്ടുപാടിതരും നിന്റെ കൂടെ കളിക്കും പിന്നെ അവളുടെ ലാളനയിൽ നീ ഒരുപാട്

സന്തോഷിക്കും. അപ്പോൾ കുഞ്ഞ് ദൈവത്തോട് കരഞ്ഞ് പറഞ്ഞു ദൈവമേ എനിക്ക് അവളുടെപേര് എന്താണെന്ന് അറിയില്ല. അപ്പോൾ ഞാൻ അവളെ എന്തു വിളിക്കും. ദൈവം പറഞ്ഞു അവളുടെ പേര് എന്തായാലും അവളെ നീ വിളിക്കേണ്ടത് "അമ്മ" എന്നാണ്. കുഞ്ഞ് ഭൂമിൽ എത്തി. കുഞ്ഞിന്റെ അമ്മയുടെ കൈയ്യിൽ സുരക്ഷിതമായി. കുഞ്ഞ് വളരെ അതികം സന്തോഷവാനായിരുന്നു. അവന്റെ അമ്മയുടെ മുൻപിൽ അവൻ വലരെ അധികം  ലാളനയോടെയായിരുന്നു നിന്നിരുന്നത്. അവളുടെ കണ്ണിലെ കൺമണിയായിരുന്നു ആ കുഞ്ഞ്. കുഞ്ഞ് വളർന്നു വലുത്തായി. അവൻ വളരെ അധികം കുസൃതിക്കാരനായിരുന്നു. അവൻ ഒരോ കുസൃതി ചെയ്യുമ്പോഴും അമ്മയ്ക്ക് അവനോട് ഇഷ്ടം കൂടി കൂടി വരുകയായിരുന്നു. ആ മകനോട് ആ ഗ്രാമത്തിലുള്ള എല്ലാവർക്കും വളരെ അസൂയയായിരുന്നു. കാരണം ആ അമ്മയുടെയും മകന്റെയും സ്നേഹം. അത് കണ്ട് അവർ ക്ക് വളരെ അസൂയ തോന്നിയിരുന്നു. അങ്ങനെ ആ മകന് പേരിട്ടു കൃഷ്ണ എന്നായിരുന്നു മകന്റെ പേര്. മകൻ സ്കൂളിൽ പോകാൻ തുടങ്ങി. ഒരു സ്വപ്നമുണ്ടായിരുന്നു

**അമ്മയ്ക്ക് മകനെ കുറിച്ച്. എന്നാൽ അതൊന്നും സാധ്യമാക്കാതെ  മകൻ അമ്മയെ വിട്ടു പോയി. അപ്പോൾ ഗ്രാമവാസികൾക്ക് വളരെ അധികം സങ്കടമുണ്ടായിരുന്നു... .........**

**ജിൻഷ    9.A**

# തസ്രാക്ക്-ഇതിഹാസകാരൻ ജീവിക്കുന്ന സ്മാരകം

1956 ൽ ആണ് ഒ വി വിജയൻ പാലക്കാട് ഉൾഗ്രാമമായ തസ്രാക്കിലെത്തുന്നത്. സഹോദരി ശാന്തയ്ക്ക് അധ്യാപക ട്രെയിനിങ് കോളേജിൽ പ്രവേശനം ലഭിക്കുന്നതിന് ഏതെങ്കിലും സ്കൂളിൽ ജോലി ചെയ്യുമായിരുന്നു.ഇതിനു വേണ്ടി ശാന്തയ്ക്ക് അനുവദിക്കപ്പെട്ടത് തസ്രാക്കിലെ ഒരു ഏകാധ്യാപക വിദ്യലയം ആയിരുന്നു.സഹോദരിയുടെ കൂടെ ഒ വി വിജയനും തസ്രാക്കിലേക്ക് വന്നു. ഇവിടെ നിന്നായിരുന്നു അദ്ദേഹം ഖസാക്കിന്റെ ഇതിഹാസം എന്ന നോവൽ എഴുതുന്നത് .ഖസാക്കിന്റെ ഇതിഹാസം ചെവിക്കൊണ്ട ഓരോ തലമുറയും ഇന്നും തസ്രാക്ക് എന്ന ഗ്രാമം തേടിയെത്തുന്നുണ്ട് അതിലൊരു കണ്ണികളായാണ് ഞാനും എന്റെ സ്കൂളിലെ സുഹൃത്തുക്കളും അധ്യപികമാരും ഇതിഹാസ ഭൂമികയായ തസ്രാക്കിലേക്ക് യാത്രതിരിച്ചത്. ഇതിഹാസം പിറവികൊണ്ട മണ്ണിലെത്തുമ്പോൾ തസ്രാക്കിനു മുകളിൽ കാലവർഷം കരിമ്പനകളെ ചുമ്പിക്കുകയാണ് . മിഥുനം കറുപ്പിച്ച ആകാശത്തിന്റെ ജലവാത്സല്യം തസ്രാക്ക്

**ഏറ്റുവാങ്ങുകയാണ്.മഴയുടെ ചില്ലുപാളികൾക്കപ്പുറം തസ്രാക്ക് ഉണരുന്നത് കാണും**

**തസ്രാക്കിൽ നിന്നും മടങ്ങുമ്പോൾ ഇനിയും വരണമെന്നായിരുന്നു**

**എന്റെയും എന്റെ കൂട്ടുകാരുടെയുംസ്നേഹമൊഴി.............**

**ആൽബിൻ.എം** **9th B.**

# എന്റെ വെക്കേഷൻ കാലം

മാർച്ചിൽ അവസാനത്തെ പരീക്ഷ കഴിഞ്ഞപ്പോൾ അതിയായസന്തോഷം തോന്നി.ഏറ്റവും സന്തോഷം തോന്നിയത് സോഷ്യൽ പരീക്ഷ കഴിഞ്ഞപ്പോഴാണ്.പക്ഷേ കൂട്ടുകാരേയൊന്നും കുറച്ച മാസത്തേക്ക് കാണാൻ കഴിയില്ലല്ലോ എന്നോർത്തപ്പോൾ സങ്കടവും തോന്നി.അങ്ങനെ അവധിക്കാലം തുടങ്ങി.മദ്രസയിലെ പഠനവും കളിയുമായി വെക്കേഷൻ കഴിച്ച കൂട്ടി.വെക്കേഷൻ പാതിയായപ്പോഴേക്കും നോമ്പ് തുടങ്ങി.പതിനഞ്ചാം നോമ്പിന് ഞാൻ രാവിലെ എഴുന്നേറ്റത് ഒട്ടും കേൾ ക്കാനാഗ്രഹിക്കാത്ത കാര്യം കേട്ടുകൊണ്ടായിരുന്നു.എന്റെ അമ്മയുടെ അച്ഛൻ ഹൃദയാഗാതം മൂലം മരണപ്പെട്ട വാർ ത്തയായിരുന്നു അത്.പിന്നെ മൂന്നു ദിവസം മാമന്റെ വീട്ടിലായിരുന്നു.അങ്ങനെ പെരുന്നാളിനെ വരവേൽക്കാനുള്ള എന്റെ എല്ലാ ആവേശങ്ങളും മങ്ങി.അങ്ങനെ ഒരു ആഘോഷവുമില്ലാതെ ഞങ്ങളിലൂടെ ആ പുണ്യദിവസം കടന്നുപോയി.പിറ്റേ ദിവസം സ്കൂൾ

**തുറക്കുകയായിരുന്നു.പക്ഷേ ,എനിക്ക് വലിയ ഉത്സാഹമൊന്നും തോന്നിയില്ല.എന്നാലും കൂട്ടുകാരെ കാണാമല്ലോ എന്ന കാരണം കൊണ്ട് എന്റെ ഉള്ളിൽ ഇത്തിരി സന്തോഷം നാമ്പിട്ടു.**

**by**

**ഫെബിൻ**

**9.b**

# ഇറച്ചിക്കോഴികൾ വിൽപനയ്ക്ക്

ഒരു ഗ്രാമത്തിൽ ഒരു യുവാവ് സ്വന്തം ഇഷ്ടത്തിനനുസരിച്ച് ജീവിച്ചിരുന്നു.തന്റെ യൗവനകാലം വളരെ സന്തോഷത്തോടെ അയാൾ കുടുംബവുമൊത്ത് ജീവിച്ചിരുന്നു.സുമേഷ്,എന്നായിരുന്നു അയാളുടെ പേര്.അയാൾ കൃഷിപ്പണി ചെയ്താായിരുന്നു കുടുംബം പോറ്റിയിരുന്നത്.അയാൾക്ക് മൂന്നുമക്കളാണ്.ഒരു പെൺകുട്ടിയും,രണ്ട് ആൺകുട്ടികളും.പെൺകുട്ടി ഇളയതായിരുന്നു.

മൂത്ത ആൺ കുട്ടിക്കും, പെൺ കുട്ടിക്കും അവരുടെ അച്ഛനോടായിരുന്നു,കൂടുതൽ പ്രിയം.അച്ഛൻ വീട്ടിലെത്താൻ വൈകിയാൽ,മക്കൾക്കായിരിക്കും വിഷമം.അച്ഛന് മൂന്നു പേരും

ഒരുപോലെയാണ്.എന്നാൽ,മകളോട് ഒരു പ്രത്യേക സ്നേഹമാണ്.

അങ്ങനെ കാലംകടന്നുപോയി.മക്കളെല്ലാം വളർന്ന് വലുതായി.അങ്ങനെയിരിക്കെ,അവരുടെ അമ്മക്ക് ഒരു പനി വരുകയും,ആ പനി അവരുടെ മരണത്തിന് കാരണമാവുകയും ചെയ്തു.ഭാര്യയുടെ മരണം അയാളെ വല്ലാതെ അസ്വസ്ഥനാക്കി.

കാലം കടന്നു പോയി.തന്റെ മകൾക്ക് വിവാഹ പ്രായമായി,എന്നയാൾ മനസ്സിലാക്കി.അമ്മയില്ലാത്ത തന്റെ മകളെ സുരക്ഷിതമായി ഒരാളുടെ കൈ പിടിച്ചു കൊടുക്കാൻ,അദ്ദേഹം തീരുമാനിച്ചു.തീരുമാനിക്കുക മാത്രമല്ല,അദ്ദേഹം അത് പ്രാവർത്തികമാക്കുകയും ചെയ്തു.മകളുടെവിവാഹം കഴിഞ്ഞു.

പിന്നീട്,സുമേഷും,രണ്ട് മക്കളും വീട്ടിൽ ഒറ്റയ്ക്കായി.അങ്ങനെ മക്കളുടെ പഠിത്തമൊക്കെ കഴിഞ്ഞു.അവർ നല്ലൊരു ജോലിയൊക്കെ

വാങ്ങി,കല്ല്യാണമൊക്കെക്കഴിഞ്ഞു.ജോലിയുടെ പേര് പറഞ്ഞ് അവർ നഗരങ്ങളിൽത്തന്നെ താമസമാക്കി.രണ്ടു പേരും ഇടയ്ക്കൊക്കെ വന്ന് അച്ഛനെ കണ്ട് മടങ്ങും.സുമേഷിന് പ്രായം കൂടിക്കൂടി വന്നു.പ്രായാധികം കാരണം കൃഷിപ്പണിയിൽ ഏർപ്പെടുവാൻ സാധിക്കാതായി.മക്കൾക്ക് തന്റെ ജോലിത്തിരക്ക് കാരണം അച്ഛനെ ശ്രദ്ധിക്കാൻ പറ്റാതായി.എന്നാലും അവർ ഇടയ്ക്കൊക്കെ വന്ന് നോക്കും.അച്ഛന് മരുന്നിനും ഭക്ഷണത്തിനുമുള്ളത് വേലക്കാരിയുടെ കയ്യിൽ കൊടുത്തേച്ച് പോവും.പെൺമകൾ തന്റെ കുടുംബത്തിരക്കിനിടയിൽ അച്ഛനെ മറന്നു പോയി.അവൾക്ക് അച്ഛനെക്കുറിച്ചോ,ആങ്ങളമാരെക്കുറിച്ചോ യാതൊരു ഓർമ്മയും ഇല്ലായിരുന്നു.സുമേഷ് ഒരുപാട് ഭൂസ്വത്തുള്ള വ്യക്തിയായിരുന്നു.ഇതറിഞ്ഞുകൊണ്ട് തന്നെ,മകൾ പൈസയുടെ ആവശ്യം വന്നപ്പോൾ

അച്ഛനെ കുറിച്ചോർത്തു.അച്ഛന്റെ അടുത്തേക്ക് പോയി.
തന്റെ മകളെ ഒരുപാടു നാളുകൾക്കുശേഷം കണ്ടതിൽ
അച്ഛൻ വളരെ സന്തോഷിച്ചു.ഇത്രയും നാൾ കാണാൻ
വരാത്തതെന്തുകൊണ്ടാണെന്നു
ചോദിച്ചപ്പോൾ,തിരക്കാണെന്നു പറഞ്ഞ് അച്ഛനെ
ബോധിപ്പിച്ചു.പിന്നീട് സ്വത്തിന്റെ കാര്യം പറഞ്ഞു.
തന്റെ പുന്നാരമകൾക്ക് എന്താവശ്യം വന്നാലും
നിറവേറ്റിക്കൊടുത്തിരുന്നത് താനാണ്.അങ്ങനെയുള്ള
സ്ഥിതിക്ക്,ആ മകൾ വന്ന് ചോദിക്കുമ്പോൾ ഇല്ല
എന്ന് പറയാൻ  ആ അച്ഛന് കഴിഞ്ഞില്ല.പിന്നീട്
തന്റെ മൂന്നു മക്കൾക്കും ഉള്ള സ്വത്ത് ഭാഗിച്ചു
കൊടുത്തു.തനിക്ക് ഒന്നും വേണ്ട എന്ന് അച്ഛൻ
പറഞ്ഞു.തനിക്കായി ഒന്നും വക്കാതിരുന്നത്
മണ്ടത്തരമായി എന്ന് പിന്നീട് അച്ഛനു
തോന്നി.സ്വത്ത് ഭാഗം വക്കലുകഴിഞ്ഞ് വളരെ
സന്തോഷത്തോടെ എല്ലാവരും പിരിഞ്ഞു
പോയി.പിന്നീട്   മക്കളെ ഒരു വർഷത്തേക്ക്

കണ്ടിട്ടില്ല.മക്കളെ എല്ലാവരെയും ഒന്ന് കാണുവാനായി അച്ഛൻ വളരെധികം ആഗ്രഹിച്ചു.ഓരോ ദിവസവും അവരെ പ്രതീക്ഷിച്ചു.പ്രതീക്ഷകൾക്ക് ഒരു അർത്ഥം ഇല്ലാതയി.സുമേഷ് എന്ന വൃദ്ധന് മക്കളെ കാണാൻ ഒരു സൂത്രം പ്രയോഗിച്ചു.തനിക്ക് തീരെ വയ്യാതെ കിടക്കുകയാണെന്നും, അവസാനമായി ഒന്ന് കാണാൻ ആഗ്രഹിക്കുന്നു എന്നും തന്റെ വേലക്കാരിയെക്കൊണ്ട് പറയിപ്പിച്ചു.മക്കൾ അത് വിശ്വസിച്ച് അച്ഛനെ കാണാൻ വന്നു.വീട്ടിൽ വന്നപ്പോൾ അച്ഛന് യാതൊരു കുഴപ്പവും കണ്ടില്ല.ഇത് കണ്ട മക്കൾ വളരെ കോപിച്ചു.ഇനി ഒരിക്കലും ഈ വഴി വരില്ലെന്ന് പറഞ്ഞു.ആ വൃദ്ധൻ ഗൈറ്റിന്റെ അഴികൾ പിടിച്ച് ആ വൃദ്ധൻനിന്നു,നിസ്സഹായനായി പ്രതീക്ഷയോടെ....

by

ഹഫ്സ ഷിറിൻ

# കാർഷിക വൃത്തിയോടുള്ള സമൂഹത്തിന്റെ കാഴ്ചപ്പാട്.

കൃഷി എന്നു പറയുന്ന ഒരു തൊഴിൽ ചില ആളുകൾ മാത്രമേ ഇഷ്ടപ്പെടുകയുള്ളൂ.കാരണം,കൃഷി ചെയ്യുമ്പോൾ മറ്റുപണികളെപോലെയല്ല.ഈ കൃഷിപ്പണിക്ക് മേലനങ്ങി അധ്വാനിക്കണം.വെള്ളവും വളവും മറ്റും നൽകി അതിനു വേണ്ടി കഷ്ടപ്പെടണം.എന്നാൽ ഇപ്പോഴത്തെ ജനങ്ങൾ അതിനു തയ്യാറല്ല.ഇന്നത്തെ സമൂഹം വയ്റ്റ് കോളർ ജോബ് ആഗ്രഹിക്കുന്നവരാണ്.അതുമാത്രമല്ല ഇന്നത്തെ ജനങ്ങൾക്കാർക്കും മേലനങ്ങി പണിയെടുക്കാൻ ആഗ്രഹവും ആരോഗ്യവും ഇല്ലാതായിരിക്കുന്നില്ല. ഇവിടുത്തെ ആളുകൾ മറ്റു വിദേശ രാജ്യങ്ങളിൽ പോയി ജോലി ചെയ്യുന്നു.അമ്മയേയും അച്ഛനേയും ഭാര്യയേയും മക്കളേയും കാണാതെ വിദേശ രാജ്യങ്ങളിൽ ജോലിചെയ്യുന്നു.സ്വന്തം നാട്ടിൽ തന്നെ ജോലി ഉണ്ടായിട്ടും

ആളുകൾ പേരിനും പ്രശസ്തിക്കും വേണ്ടി സ്വന്തം നാടും വാടും വിട്ട് അന്യ നാടുകളിൽ ജോലിക്ക് പോകിന്നവരും നമ്മുടെ നാട്ടിൽ ഒരുപാടുണ്ട്.വിദേശരാജ്യങ്ങളിൽ തൊഴിൽ മേഘല വർധിക്കുന്നതിനുള്ള പ്രധാന കാരണം നാട്ടിലെ തൊഴിലില്ലായ്മയാണ് എന്നാണ് എല്ലാവരും പറയുക.എന്നാൽ വാസ്തവത്തിൽ നമ്മുടെ പ്രശ്നം തൊഴിലില്ലായ്മയല്ല,മറിച്ച് തൊഴിൽ ചെയ്യാനുള്ള മടിയാണ്.ഇങ്ങനെ മടിച്ചിരിക്കുന്ന പലരും വിദേശങ്ങളിൽ പോയാൽ എന്ത് ജോലിയും ചെയ്യാൻ   തയ്യാറാകുന്നു.ഇത് സാമ്പത്തിക വളർച്ചയുടെ പ്രധാന ഘടഗനാണ്.

മാത്രമല്ല നമ്മുടെ രാജ്യത്തിന്റെ വളർച്ച തന്നെ കൃഷിയിലൂടെയാണ്.എന്നാൽ കേരള ജനത കൃഷിയിൽ നിന്ന് പിൻതിരിഞ്ഞിരിക്കുന്നു; വളരെ കുറച്ച് സ്ഥലങ്ങളിൽ മാത്രമാണ് ഇന്ന് ക്രൃഷി കാണാനാകുന്ന ത്.കേരളത്തിലേക്ക് വേണ്ട പച്ചക്കറികൾ മുഴുവൻ ഇറക്കുമതി ചെയ്യുകയാണ്.അതും അന്യ സംസ്ഥാനങ്ങളായ ,മനുഷ്യരുടെ ആരോഗ്യത്തേക്കാൾ  അവരുടെ ലാഭം മാത്രം ആഗ്രഹിക്കുന്ന ആന്ധ്രാ പ്രദേശ്,കർണാടകം,തമിഴ്നാട്ടു

എന്നിവിടങ്ങളിൽ നിന്നും.ഇറക്കുമതി ചെയ്യുന്ന പച്ചക്കറികൾ പെട്ടെന്ന് നശിക്കാതിരിക്കാൻ മനിഷ്യരുടെ ആന്തരീകാവയവങ്ങൾക്ക് പോലും കേട്പാടുകൾ വരുത്താൻ കഴിയുന്ന വിധമുള്ള വിഷ വസ്തുക്കൾ വരെ അവർ പച്ചക്കറികളുടെ കൂടെ കലർത്തി അയയ്ക്കുന്നു.

# പൂച്ചകളുടെ ഒളിമ്പിക്സ്

പൂച്ചകളുടെ ഒളിമ്പിക്സ് നടക്കക്കുകയാണ് . ലോകത്തിന്റെ വിവിധഭാഗങ്ങളിൽ നിന്ന് അമേരിക്ക,ചൈന,ബ്രിട്ടൻ,കാലിഫോർണിയ തുടങ്ങിയ പ്രശസ്തമായ വിവിധ രാജ്യങ്ങൾ തങ്ങളിടെ പൂച്ചകളെല ഒളിമ്പിക്സിൽ ഗുസ്തി മത്സരത്തിനായി അണിനിരന്നു.മത്സരം പൊടിപൊടിച്ച് നടക്കുകയാണ്.സെമിഫൈനൽ റൗണ്ടിൽ പ്രമുഖ നാലു രാജ്യങ്ങളുടെ പൂച്ചകൾ തമ്മിൽ ഏറ്റുമുട്ടി.അവസാനം എല്ലാവരേയും മുൾമുനയിൽ നിർത്തി അമേരിക്കൻ പൂച്ചയും സൊമാലിയൻ പൂച്ചയും ഫൈനൽ റൗണ്ടിൽ എത്തി.ജനങ്ങൾ ആകാംശയോടെ നോക്കി നിൽക്കുകയാണ് അമേരിക്കൻ പൂച്ചയുടെ വിജയം ആഘോഷിക്കാൻ.കാരണം അമേരിക്കയുടെ

പൂച്ചക്ക് മുന്നിൽ ദരിദ്രരാഷ്ട്രമായ സൊമാലിയൻ ഉണക്ക പൂച്ച ഒന്നുമല്ല.

റഫറി വിസിലടിച്ചു.പൂച്ചകൾ ഏറ്റ്മുട്ടി. എങ്ങും ഹർഷാരവം.പെട്ടെന്ന്ഏവരേയും അത്ഭുതപ്പെടുത്തിക്കൊണ്ട് ആദ്യ അടിയിൽ തന്നെ
അമേരിക്കൻ പൂച്ചയെ സൊമാലിയൻ പൂച്ച മലർത്തി അടിച്ച് കിരീടം സ്വന്തമാകക്കി.

മാധ്യമപ്രവർത്തകർ ജേതാവില് ചുട്ടും കൂടി വിജയ രഹസ്യത്തെക്കുറിച്ച് ചോദിച്ചു. സൊമാലിയൻ പൂച്ച പറഞ്ഞു."പറയില്ല കാരണം അത് എന്റെ നിലനിൽപ്പിന്റെ പ്രശ്നമാണ്". അവസാനം നിർബന്ധം സഹിച്ച പൂച്ച ആ രഹസ്യം മാധ്യമപ്രവർത്തകരോട് പറഞ്ഞു
"ഞാൻ
സൊമാലിയയിലെ പൂച്ചയല്ല.പുലിക്കുട്ടിയാണ്".

# തിരിച്ചുകിട്ടിയ സ്നേഹം

കടലിലെ ഓളങ്ങൾ അസ്തമയ സൂര്യന്റെ സ്വർണ്ണകിരണങ്ങളേറ്റ് വെട്ടിത്തിളങ്ങി.സന്ധ്യമയങ്ങാൻ തയ്യാറാകുന്ന സമയം.അറബിക്കടലിലെ ഓളങ്ങൾ മണൽ ക്കരയെ നനച്ചുകൊണ്ട് പിൻവാങ്ങുന്നു.ഒരിളം കാറ്റ് കരയിലേക്ക് മെല്ലെ വീശി.കക്ക പെറുക്കി നടക്കുന്ന ഒരു കൂട്ടം കുട്ടികൾ,കടൽത്തിരയിൽ ആർത്തുല്ലസിക്കുന്ന മറ്റു ചിലർ.എല്ലാവരും സന്തോഷത്തിൽ മതിമറക്കുന്നു.ഇതൊന്നും കാണാതെ ദൂരെ ഒരു എട്ട് വയസ്സ് തോന്നിക്കുന്ന ബാലിക.

ഓരോരുത്തരായി കടൽ ക്കര ഒഴിഞ്ഞു.കടലിൽ നിന്നും തിരിച്ച് കയറാനുള്ള അന്തിമ വിസിൽ മുഴങ്ങി.പേടിച്ചരണ്ട ആ കുട്ടി എന്ത് ചെയ്യണമെന്നറിയാതെ അതുവഴി പോകുന്ന ഓരോരുത്തരേയും നോക്കി.പക്ഷെ അവളെ ആരും ശ്രദ്ധിക്കുന്നില്ല.ഇരുട്ടുവ്യാപിച്ചതോടെ തെരുവ് വിളക്കുകൾ കണ്ണുതുറന്നു.അവൾ ആ തെരുവിലൂടെ പോകുന്ന ഓരോമുഖവും വീക്ഷിച്ചു.ചിലർ അത്ഭുതത്തോടെ നോക്കുന്നുണ്ടെങ്കിലും ആരും അടുത്തേക്ക് വരുന്നില്ല.രാത്രിയുടെ ഭീകരതയോർത്ത് അവൾ വേഗം ഓടി എങ്ങോട്ടെന്നില്ലാതെ.കടകളിലെ തിരക്കുകൾ ഒഴിഞ്ഞു.പല കടകളും അടച്ചു.റോഡിലെ വെളിച്ചം കുറഞ്ഞു.തെരുവ് നായകളുടെ കുരക്കുന്ന ശബ്ദം കേട്ട് അവൾ ഭയന്ന് വിറച്ചു.അപ്പോഴും ഭയം എന്ന വികാരം അവളെ വിഴുങ്ങിയിരിക്കുകയായിരുന്നു.

പെട്ടന്നാണ് അത് സംഭവിച്ചത്, എതിരെ വന്ന കാർ അവളെ ഇടിച്ചു വീഴ്ത്തി.ബോധം വന്നപ്പോൾ അവൾ ആശുപത്രിയിൽ,ഉടനെ അവൾ ചുറ്റിലും ഒന്ന് നോക്കി. ഒരു പരിചയവും ഇല്ലാത്ത ഒരുപാടു

മുഖങ്ങൾ.അതിൽഏതോ ഒരു മുഖം അവൾക്ക് സുപരിചിതമായി തോന്നി.അവൾ വീണ്ടും എല്ലാവരേയും ഒന്ന് നോക്കി.കണ്ടാൽ തൻെ റഅമ്മയെ പോലെയുള്ള സ്ത്രീ അവരായിരുന്നു അവളെ ആശ്രുപത്രിയിൽ എത്തിച്ചത്.ആ സ്ത്രീ കുട്ടിയോട് കാര്യങ്ങൾ തിരക്കി.ഇവളുടെ പ്രായത്തിലുള്ള ഒരു മകളെ നഷ്ടപ്പെട്ട വേദനയിൽ ഇരിക്കുന്ന മാതാവായിരുന്നു അവർ. പെട്ടന്ന് ഇവളെ കണ്ടപ്പോൾ തന്റെ മകളെ പോലെ തോന്നി.പിന്നീട് ആ സ്ത്രീയുടെ ഭർത്താവ് അവരുടെ മുറിയിലേക്ക് കയറി വന്നു.

അവരുടെ നിഗമനങ്ങൾ ശരിയായിരുന്നു.അത് അവരുടെ നഷ്ടപ്പെട്ട് പോയ മകളായിരുന്നു.ആ ദമ്പതികൾക്ക് അവരുടെ മകളെ കിട്ടിയ സന്തോഷവും ,ആ കുട്ടിക്ക് തന്റെ മാതാപിതക്കളെ കിട്ടിയ സന്തോഷവും.

ഒരു ചെറിയ അപകടം അവരെ അതിരുകളില്ലാത്ത സന്തോഷത്തിലേക്കാണ് എത്തിച്ചത്. ആ കുടുംബം വളരെ സന്തോഷത്തോടെയാണ്  മടങ്ങിയത്.

by

ഹഫ്സ ഷിറിൻ 9c.

# എന്റെ അനുഭവം

ഞാൻ പറയാൻ പോകുന്ന വിഷയം എന്നു വച്ചാൽ എനിക്ക് ഒരുപാട് വിഷമമായ കാര്യത്തെ ആസ്പദമാക്കിയാണ് . ഞാനും എന്റെ കൂട്ടുകാരികളും അഞ്ചാം ക്ളാസ് മുതൽക്കെ ഉള്ള ബന്ധമാണ്. അങ്ങനെ പുതിയതായി എട്ടാം ക്ളാസിൽ രണ്ടു പേർ വന്നു.പിന്നീടുള്ള ദിവസങ്ങൾ മറക്കാനാവാത്ത ഓരോ സന്തോഷകരമായകാര്യങ്ങൾ ഞങ്ങൾക്കിടയിൽ പങ്ക് വെച്ചു. അങ്ങനെ ഒമ്പതാം ക്ളാസിൽ അഞ്ചു കുട്ടികൾ വന്നു. അപ്പോൾ തന്നെ ടീച്ചർ പറഞ്ഞു ക്ളാസ് രണ്ടാക്കി പിരിക്കുമെന്ന്. അങ്ങനെ ടീച്ചർ ചെയ്യരുതെന്ന് ഞങ്ങൾ പ്രാർത്തിച്ചു.അപ്പോൾ ടീച്ചർ പറഞ്ഞു ചിലപ്പോളഴേ അങ്ങനെ ചെയ്യുകയുള്ളൂ എന്ന്. പിന്നെ നിങ്ങളെ കൊണ്ട് ആർക്കും ഒരു ഉപദ്രവവും പാടില്ല എന്നും പറഞ്ഞു.അപ്പോൾ ഞങ്ങൾക്ക്

ചെറിയ ആശ്വാസം തോന്നി. അതു കഴിഞ്ഞ് രണ്ടാം ദിവസം കഴിഞ്ഞപ്പോൾ ടീച്ചർ വന്നിട്ട്കുറച്ച് കുട്ടികളുടെ പേര് വായിച്ചു, എന്നിട്ട് അവരോടെല്ലാം വേറെ ക്ളാസിലേക്ക് പോവാൻ പറഞ്ഞു.അപ്പോൾ ഞങ്ങൾക്കെല്ലാം സഹിക്കാനാവാത്ത സഹങ്കടംതോന്നി.ഞങ്ങൾ വിചാരിച്ചു ടീച്ചർമാർക്ക് ഞങ്ങളെ ഇഷ്ടമില്ലാത്ത്കൊണ്ടടായിരിക്കുമെന്ന് .പിന്നെ തോന്നി ടിച്ചർ ഇത് ചെയതത് ഒന്ന് നോക്കിയാൽ ഞങ്ങൾക്ക് നല്ലതാണ്.

by അൻസില 9c.

# അപ്പുവിന്റെ ജീവിതാരംഭം

നമ്മുടെ ജീവിതത്തിൽ എത്ര മാത്രം സംഗീത സ്നേഹികളുണ്ട്.... അതുപോലെ ഒരാളാണ് നമ്മുടെ കഥാനായകനായ അപ്പുവും.........

അപ്പുവിന്റെ ജീവിതത്തിൽ രണ്ടുപ്രശ്നങ്ങൾ ഉണ്ടായിട്ടുണ്ട്.ഒന്നാമത്തെ പ്രശ്നം അവന്റെ ആഗ്രഹമായിരുന്ന അവന് സൗണ്ട്എഞ്ചിനീയർ ആവണമെന്നത്.രണ്ടാമത്തെ പ്രശ്നം തുടങ്ങുന്നത് അവൻ ഒരു പെണ്കുട്ടിയുമായി ഇഷ്ടത്തിലായിരുന്നു.

ഒരു ദിവസം അപ്പു രാവിലെ നേർത്തെ എഴുന്നേറ്റ് അവന്റെ സൈക്കിൾ എടുത്ത് ഒരൽപ്പം ദൂരേക്കായി യാത്രതിരിച്ചു.കൂടെ ഭക്ഷണവും വെള്ളവും മറ്റും കൈയ്യിൽ കരുതിയിരുന്നു.

അതൊവതി ദിവസമായിരുന്നു.പുലരിയുടെ മഞ്ഞ് തുള്ളികൾ മരച്ചില്ലകളിലെ ഇലകളിലും പുക്കളിലും ഒരു മെത്ത വിരിച്ചതുപോലെ കിടക്കുന്ന പ്രകൃതിയുടെ

മനോഹാരിത ആസ്വദിച്ച് നീങ്ങുകയായിരുന്ന നമ്മുടെ അപ്പു.കുറച്ച് ദൂരം കഴിഞ്ഞപ്പോൾ ഒരു തണുത്ത കാറ്റ് വിശ്ശുവാൻ തുടങ്ങി.അതിന് പിന്നിലായി ഒരു മലയിടുക്കിൽ  നിന്നും സൂര്യന്റെ പ്രകാശം പൊട്ടി വിടർന്നു.അപ്പു മറ്റെല്ലാം മറന്ന് ആ നിമിഷം അസ്വദിച്ചു.അന്നത്തെ ദിവസം അവൻ ഏറെ. സന്തോഷകരമായിരുന്നു.

അടുത്ത ദിവസം അവന്റെ സ്കൂളിൽ പരീക്ഷ തുടങ്ങുകയ്യിരുന്നു.പരുക്ഷയിൽ മാർക്ക് കുറഞ്ഞാൽ വീട്ടിൽ നിന്ന് ശകാരവും.അച്ഛന്റെ വക തല്ലും ഉറപ്പായിറുന്നു.

അവന്റെ ആഗ്രഹം ഒരു സൗണ്ട് എഞ്ചിനീയറായിരുന്നല്ലോ? എങ്ങിനെയെങ്കിലും ലക്ഷ്യത്തിൽ എത്തിച്ചേർന്നാൽ മാത്രമേ അവന്റെ രണ്ടാമത്തെ ആഗ്രഹം നിറവേറുകയുള്ളൂ.അവൻ ആകെ കുഴപ്പത്തിലായി.

പുതിയ ടേർമിൽ ടീച്ചർ,അപ്പു പഠനത്തിൽ പിറകോട്ട് പോകുന്നതിന്റെ കാരണം അറിയാനായി അവനോട് തന്നെ ഓരോന്ന് ചോദിച്ച് മനസ്സിലാക്കിയ

ടീച്ചർക്ക്  അപ്പുവിന്റെ പ്രധാന കാരണമായി മനസ്സിലായത് മടിയാണ്."അത് മാറ്റിയാൽ അപ്പു മിടുക്കനാകുമെന്നും, അപ്പുവിന്റെ ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ട് പഠനത്തിൽ വേണ്ടത്ര ശ്രദ്ധ കൊടുത്താൽ മാത്രമേ ജീവിത വിജയം ലഭിക്കുകയുള്ളൂ.കഷ്ടപ്പെട്ടാൽ മാത്രമേ അർഹിക്കുന്ന സ്ഥാനത്തെത്തിപ്പെടാൻ കഴിയുകയുള്ളൂ".അപ്പുവിന്റെ പ്രിയ ടിച്ചറായ സുമതി ടീച്ചർ അവനെ ഉപദേശിച്ചു.ഈ ഉപദേശം അവന്റെ കണ്ണ് തുറപ്പിച്ചു.അപ്പു ഉത്സാഹത്തോടെ പഠന കാര്യത്തിൽ താൽപര്യം എടുക്കുവാൻ തുടങ്ങി.

അടുത്ത പരീക്ഷയിൽ അപ്പു നല്ല രീതിയിൽ മാർക്കുകൾ വാങ്ങി വിജയം കൈവരിച്ചു.ടീച്ചർ അവനെ അഭിനന്ദിച്ച് പറഞ്ഞു:ഇപ്പോൾ നിനക്ക് മനസ്സിലായിക്കാണും പരിശ്രമത്തിന്റേയും, അധ്വാനത്തിന്റേയും മഹത്വം. അതുകൊണ്ട് നല്ല പോലെ പഠിച്ച് വലിയവനാകാൻ ശ്രമിക്കുക.

ഇന്നും അപ്പു എല്ലാ പരീക്ഷ ദിവങ്ങളിലും സുമതി ടിച്ചർ അന്ന് പറഞ്ഞ വാക്കുകൾ ഓർക്കുന്നു.ടിച്ചർ അന്ന് പറഞ്ഞ വാക്കുകൾ അപ്പുവിനെ ജീവീത

വിജയത്തിലെത്തിച്ചു.ഒരു ഗുരുനാഥന്റെ അനുഗ്രഹം എത്രത്തോളം മഹത്തായതാണെന്ന് ഇന്ന് അപ്പു മനസ്സിലാക്കി.

x-----------------------------------x

# എന്റെ വാപ്പ

എന്റെ വാപ്പ കൊണ്ട വെയിലാണ് ഞാൻ കൊണ്ട തണൽ.എന്റെ ജീവിതത്തിലെ ഏറ്റവും വലിയ ഭാഗ്യമാണ് എന്റെ വാപ്പ . എന്നെ സംബന്ധിച്ചിടത്തോളം എന്റെ എല്ലാം എല്ലാമാണ് എന്റെ വാപ്പ .എന്റെയും മിക്ക പെൺമക്കളുടെയും ആദ്യത്തെ ഹീറോ ആയിരിക്കും അവരുടെ വാപ്പ. ജീവിത പാതയിൽ തളർന്ന് വീഴുന്ന മക്കൾക്ക് എന്നും താങ്ങും തണലുമായി നിൽക്കുന്നത് അവരുടെ വാപ്പയായായിക്കും അതുപോലെയാണ് എനിക്കും. മക്കൾക്കുവേണ്ടി ത്യാഗങ്ങൾ സഹിക്കാൻ സന്നദ്ധരാവുന്നത് എന്നും

അവരുടെ വാപ്പമാരായിക്കും.നമ്മൾ ഓരോർ ത്തരും എത്രത്തോളം വളർന്ന് ഉയരങ്ങളിൽ എത്തിയാലും നമ്മൾ മറക്കാത്ത ഒരു മുഖമാണ് നമ്മളുടെ വാപ്പ. പെൺ മക്കൾ എപ്പോഴും അവരുടെ ജീവിത്തിൽ ഏറ്റവും കൂടുതൽ മുൻഘടന നൽകുന്ന വ്യക്തി അവരുടെ വാപ്പമാരായിരിക്കും .ആ ചെറിയ ജീവിതത്തിൽ ഞാൻ ഒരുപ്പാട് സന്തോഷവതിയാണ് .

# എ.പി.ജെ.അബ്ദുൾ കലാം

നിർധനമായ ഒരു കുടുംബത്തിൽ ജനിച്ച്,രാമേശ്വരത്ത് പത്രം വിറ്റും കക്ക പെറുക്കിയും പഠനച്ചിലവു കണ്ടെത്തിയ ഒരു കുട്ടി.പിന്നീട് ഇന്ത്യയുടെ ശാസ്ത്രസ്വപ്നങ്ങൾക്ക് അഗ്നിചിറകുകൾ നൽകിയ റോക്കറ്റ് എൻജിനീയർ ആയി.ലോകത്തെ പ്രചോദിപ്പിക്കുന്ന എഴുത്തുകാരനും,രാഷ്ട്രതന്ത്രജ്ഞനും ആയി.രാഷടത്തിന്റെ പ്രഥമപൗരനായി.മഹാത്മാഗാന്ധിക്കും ജവഹർലാൽ നെഹ്റുവിനും ശേഷം കുട്ടികളുടെയും യുവജനങ്ങളുടെയും ഹൃദയത്തിലേക്ക് ഇത്രയധികം സ്നേഹത്തോടെ പ്രവേശനം ലഭിച്ച മറ്റൊരു നേതാവുണ്ടായിട്ടില്ല.

തമിഴ്നാട്ടിലെ രാമേശ്വരത്ത് ജൈനുലബ്ദീന്റെയും ആഷിയ്യമ്മയുടെയും മകനായി 1931 ഒക്ടോബർ 15-ന്

ജന്ച്ച.മുക്കുവർക്ക് വള്ളം വാടകയ്ക്ക് കൊടുത്താണ് പിതാവ് വീട്ടു ചെലവ് കണ്ടെത്തിയിരുന്നത്.ജോസഫ് കോളേജിലും,മദ്രാസ് എം.ഐ.ടി യിലും,ബാഗ്ലൂരിലെ ഹിന്ദുസ്ഥാൻഎയറോനോട്ടിക്സ് ലിമിറ്റഡ് എന്നിവിടങ്ങളിലുമാണ് അബ്ദുൾ കലാം പഠനം പൂർത്തിയാക്കിയത്.പഠനത്തിനുശേഷം പൈലറ്റാവാനായിരുന്നു കലാമിനാഗ്രഹം.ചെറിയമാർക്കിന്റെ വ്യത്യാസത്തിൽ സെലക്ഷൻ ലഭിച്ചില്ല.തുടർന്ന് പ്രതിരോധവകുപ്പിൽ സയന്റിഫിക്ക് അസിസ്റ്റന്റായി ജോലി സ്വീകരിച്ചു.ഗണിതമായിരുന്നു അബ്ദുൾ കലാമിന്റെ ഇഷ്ടവിഷയം. ക്ലാസ് ടീച്ചറായ ഗണിതാധ്യാപകൻ രാമകൃഷ്ണൻ സാർ മറ്റൊരു ക്ലാസിൽ ക്ലാസെടുക്കുമ്പോൾ കലാം അവിടെയും പോയിരുന്നു.കൈയോടെ പിടിക്കപ്പെട്ട കലാമിന് ചൂരലുകൊണ്ടുള്ള ചുട്ട അടി കിട്ടി.ഏതാനും മാസങ്ങൾക്കു ശേഷം ഗണിതത്തിൽ മിടുക്കു കാട്ടിയ കലാമിനെ, രാമകൃഷ്ണൻസാറിന് അസംബ്ലിയിൽ അഭിനന്ദിക്കേണ്ടി

വന്നു."ഞാൻ ചൂരലു കൊണ്ട് അടിച്ചു വേദനിപ്പിച്ച ഈ കുട്ടി സ്കൂളിനും അധ്യാപകർക്കും പേരും പെരുമയുമുണ്ടാക്കും" എന്ന് അദ്ദേഹം പ്രവചിച്ചു.ഈ പ്രവചനം ഫലിക്കുക തന്നെ ചെയ്തു.

1969-ൽ കലാം ISRO-യിൽ ചേർന്നു.SLV-3 യുടെ വിക്ഷപണം കലാമിന്റെ നേതൃത്വത്തിലായിരുന്നു.ആദ്യ വിക്ഷേപണം (1979) പരാജയപ്പെട്ടു.പരാജയത്തിന്റെ ഉത്തരവാദിത്വം കലാം ഏറ്റെടുത്തു.1980-ൽ SLV3 വിജയകരമായി വിക്ഷേപിച്ചു.ഇന്ത്യക്കുവേണ്ടി ബാലിസറ്റിക് മിസൈൽ നിർമ്മിക്കുക എന്ന വെല്ലുവിളി കലാം ഏറ്റെടുത്തു (1991).ഇന്ത്യയെ മിസൈൽ ശക്തിയിൽ ലോകത്തെ പ്രധാന രാജ്യമാക്കിമാറ്റി കലാം.നാഗ്,പൃഥ്വി, ആകാശ്,തൃശ്ശൂൽ,അഗ്നി തുടങ്ങിയ മിസൈലുകൾ വികസിപ്പിക്കുന്നതിന് അദ്ദേഹം നേതൃത്വം നൽകി.

2020 ജൂലായ് 25-ന് ഇന്ത്യയുടെ പതിനൊന്നാമത് രാഷ്ട്രപതിയായി കലാം തിരഞ്ഞെടുക്കപ്പെട്ടു.രാഷ്ട്രപതിയാകുന്ന ആദ്യത്തെ ശാസ്ത്രജ്ഞനാണ് എ.പി.ജെ.അബ്ദുൾ കലാം.ലളിതമായ ജീവിതരീതിതന്നെയായിരുന്നു അദ്ദേഹം പിൻതുടർന്നിരുന്നത്.ഇന്ത്യയിലെ അജ്ഞാതനായ കുട്ടിക്കുപോലും അദ്ദേഹം കത്തെഴുതി.സിയാച്ചിനിലെ സൈനികർക്കു വേണ്ടി കവിത ചൊല്ലി.യുവാക്കളുടെ ഇ-മെയിലിലേക്ക് ഉറക്കമൊഴിഞ്ഞിരുന്ന് മറുപടി കൊടുത്തു.ഇന്ത്യയെ ഒരു വികസിതരാഷ്ട്രമാക്കാനുള്ള യജ്ഞത്തിന്റെ മുൻ നിരയിൽ നടന്ന ഈ രാഷ്ട്രപതിരാജ്യത്തിന്റെ ശാസ്ത്ര രംഗത്തിന് ഊർജവും ഉത്തേജനവും നൽകി.2007-ൽ രാഷ്ട്രപദവിപദം ഒഴിഞ്ഞ കലാം പിന്നീട് വിദ്യാഭ്യാസസ്ഥാപനങ്ങളിൽ കുട്ടികളുമായി സംവാദിച്ച് “2020-ലെ ഇന്ത്യ" എന്ന സ്വപ്നം വാരിവിതറി ഇന്ത്യ മുഴുവൻ സഞ്ചരിച്ചു.കലാമിന്റെ

നേതൃത്വത്തിൽ 500 വിദഗ്ധർ തയ്യാറാക്കിയ ഭാരതത്തിന്റെ ഭാവിരേഖയാണ് വിഷൻ 2020.പ്രകൃതിവിഭവശേഷിയും ഉപയോഗിച്ച് ഇന്ത്യയെ 2020-തോടെ വികസിതരാജ്യമായി ഉയർ ത്തുകയായിരുന്നു പദ്ധതിയുടെ ലക്ഷ്യം .2015 ജൂലൈ 27-ന് ആ മഹത്തായ ഭാരതപുത്രൻ ലോകത്തോട് വിടപറഞ്ഞു.

## പ്രധാന പുരസ്കാരങ്ങൾ

1981-പത്മഭൂഷൺ
1990-പത്മവിഭൂഷൺ
1997-ഭാരതരത്നം
2000-രാമാനുജൻ പുരസ്കാരം
2007-റോയൽ സൊസൈറ്റിയുടെ കിങ് ചാൾസ് മെഡൽ

നിർധനമായ ഒരു കുടുംബത്തിൽ ജനിച്ച്,രാമേശ്വരത്ത് പത്രം വിറ്റും കക്ക പെറുക്കിയും പഠനച്ചിലവു കണ്ടെത്തിയ ഒരു കുട്ടി.പിന്നീട് ഇന്ത്യയുടെ ശാസ്ത്രസ്വപ്നങ്ങൾക്ക് അഗ്നിചിറകുകൾ നൽകിയ റോക്കറ്റ് എൻജിനീയർ ആയി.ലോകത്തെ പ്രചോദിപ്പിക്കുന്ന എഴുത്തുകാരനും,രാഷ്ട്രതന്ത്രജ്ഞനും ആയി.രാഷ്ട്രത്തിന്റെ പ്രഥമപൗരനായി.മഹാത്മാഗാന്ധിക്കും ജവഹർലാൽ നെഹ്റുവിനും ശേഷം കുട്ടികളുടെയും യുവജനങ്ങളുടെയും ഹൃദയത്തിലേക്ക് ഇത്രയധികം സ്നേഹത്തോടെ പ്രവേശനം ലഭിച്ച മറ്റൊരു നേതാവുണ്ടായിട്ടില്ല.

തമിഴ്നാട്ടിലെ രാമേശ്വരത്ത് ജൈനുലബ്ദീന്റെയും ആഷിയുമ്മയുടെയും മകനായി 1931 ഒക്ടോബർ 15-ന് ജന്ച്ചു.മുക്കുവർക്ക് വള്ളം വാടകയ്ക്ക് കൊടുത്താണ് പിതാവ് വീട്ടു ചെലവ് കണ്ടെത്തിയിരുന്നത്.ജോസഫ് കോളേജിലും,മദ്രാസ് എം.ഐ.ടി യിലും,ബാഗ്ലൂരിലെ

ഹിന്ദുസ്ഥാൻഎയറോനോട്ടിക്സ് ലിമിറ്റഡ് എന്നിവിടങ്ങളിലുമാണ് അബ്ദുൾ കലാം പഠനം പൂർത്തിയാക്കിയത്.പഠനത്തിനുശേഷം പൈലറ്റാവാനായിരുന്നു കലാമിനാഗ്രഹം.ചെറിയമാർക്കിന്റെ വ്യത്യാസത്തിൽ സെലക്ഷൻ ലഭിച്ചില്ല.തുടർന്ന് പ്രതിരോധവകുപ്പിൽ സയന്റിഫിക്ക് അസിസ്റ്റന്റായി ജോലി സ്വീകരിച്ചു.ഗണിതമായിരുന്നു അബ്ദുൾ കലാമിന്റെ ഇഷ്ടവിഷയം. ക്ലാസ് ടീച്ചറായ ഗണിതാധ്യാപകൻ രാമകൃഷ്ണൻ സാർ മറ്റൊരു ക്ലാസിൽ ക്ലാസെടുക്കുമ്പോൾ കലാം അവിടെയും പോയിരുന്നു.കൈയോടെ പിടിക്കപ്പെട്ട കലാമിന് ചൂരലുകൊണ്ടുള്ള ചുട്ട അടി കിട്ടി.ഏതാനും മാസങ്ങൾക്കു ശേഷം ഗണിതത്തിൽ മിടുക്കു കാട്ടിയ കലാമിനെ, രാമകൃഷ്ണൻസാറിന് അസംബ്ലിയിൽ അഭിനന്ദിക്കേണ്ടി വന്നു."ഞാൻ ചൂരലു കൊണ്ട് അടിച്ചു വേദനിപ്പിച്ച ഈ കുട്ടി സ്കൂളിനും അധ്യാപകർക്കും പേരും

പെരുമയുമുണ്ടാക്കും" എന്ന് അദ്ദേഹം പ്രവചിച്ചു.ഈ പ്രവചനം ഫലിക്കുക തന്നെ ചെയ്തു.

1969-ൽ കലാം ISRO-യിൽ ചേർന്നു.SLV-3 യുടെ വിക്ഷപണം കലാമിന്റെ നേതൃത്വത്തിലായിരുന്നു.ആദ്യ വിക്ഷേപണം (1979) പരാജയപ്പെട്ടു.പരാജയത്തിന്റെ ഉത്തരവാദിത്വം കലാം ഏറ്റെടുത്തു.1980-ൽ SLV3 വിജയകരമായി വിക്ഷേപിച്ചു.ഇന്ത്യക്കുവേണ്ടി ബാലിസ്റ്റിക് മിസൈൽ നിർമ്മിക്കുക എന്ന വെല്ലുവിളി കലാം ഏറ്റെടുത്തു (1991).ഇന്ത്യയെ മിസൈൽ ശക്തിയിൽ ലോകത്തെ പ്രധാന രാജ്യമാക്കിമാറ്റി കലാം.നാഗ്,പൃഥ്വി, ആകാശ്,തൃശ്ശൂൽ,അഗ്നി തുടങ്ങിയ മിസൈലുകൾ വികസിപ്പിക്കുന്നതിന് അദ്ദേഹം നേതൃത്വം നൽകി.

2020 ജൂലായ് 25-ന് ഇന്ത്യയുടെ പതിനൊന്നാമത് രാഷ്ട്രപതിയായി കലാം തിരഞ്ഞെടുക്കപ്പെട്ടു.രാഷ്ട്രപതിയാകുന്ന ആദ്യത്തെ

ശാസ്ത്രജ്ഞനാണ് എ.പി.ജെ.അബ്ദുൾ
കലാം.ലളിതമായ ജീവിതരീതിതന്നെയായിരുന്നു
അദ്ദേഹം പിൻതുടർന്നിരുന്നത്.ഇന്ത്യയിലെ
അജ്ഞാതനായ കുട്ടിക്കുപോലും അദ്ദേഹം
കത്തെഴുതി.സിയാച്ചിനിലെ സൈനികർക്കു വേണ്ടി
കവിത ചൊല്ലി.യുവാക്കളുടെ ഇ-മെയിലിലേക്ക്
ഉറക്കമൊഴിഞ്ഞിരുന്ന് മറുപടി കൊടുത്തു.ഇന്ത്യയെ
ഒരു വികസിതരാഷ്ട്രമാക്കാനുള്ള യജ്ഞത്തിന്റെ മുൻ
നിരയിൽ നടന്ന ഈ രാഷ്ട്രപതിരാജ്യത്തിന്റെ ശാസ്ത്ര
രംഗത്തിന് ഊർജവും ഉത്തേജനവും നൽകി.2007-ൽ
രാഷ്ട്രപദവിപദം ഒഴിഞ്ഞ കലാം പിന്നീട്
വിദ്യാഭ്യാസസ്ഥാപനങ്ങളിൽ കുട്ടികളുമായി
സംവാദിച്ച് “2020-ലെ ഇന്ത്യ" എന്ന സ്വപ്നം
വാരിവിതറി ഇന്ത്യ മുഴുവൻ സഞ്ചരിച്ചു.കലാമിന്റെ
നേതൃത്വത്തിൽ 500 വിദഗ്ധർ തയ്യാറാക്കിയ
ഭാരതത്തിന്റെ ഭാവിരേഖയാണ് വിഷൻ
2020.പ്രകൃതിവിഭവശേഷിയും ഉപയോഗിച്ച് ഇന്ത്യയെ

2020-തോടെ വികസിതരാജ്യമായി ഉയർ ത്തുകയായിരുന്നു പദ്ധതിയുടെ ലക്ഷ്യം .2015 ജൂലൈ 27-ന് ആ മഹത്തായ ഭാരതപുത്രൻ ലോകത്തോട് വിടപറഞ്ഞു.

## പ്രധാന പുരസ്കാരങ്ങൾ

1981-പത്മഭൂഷൺ

1990-പത്മവിഭൂഷൺ

1997-ഭാരതരത്നം

2000-രാമാനുജൻ പുരസ്കാരം

2007-റോയൽ സൊസൈറ്റിയുടെ കിങ് ചാൾസ് മെഡൽ

# ഡയറി ഫാമിലേക്ക് ഒരു യാത്ര

ഞങ്ങൾ ലിറ്റിൽ കൈറ്റ്സിലെ അംഗങ്ങൾ മലമ്പുഴയിലെ തനിമ ഡയറി ഫാമിലേക്ക് ഒരു പഠനയാത്ര നടത്തി.രസകരമായിരുന്നു ഞങ്ങളുടെ യാത്ര.ഞങ്ങളെല്ലാവരും രാവിലെ 9 മണിക്ക് സ്കൂളിലെത്തി.പിന്നീട് ടീച്ചേർസും എത്തി.രേഖ ടീച്ചറും,ഫെബിന ടീച്ചറും,നിഷ ടീച്ചറുമാണ് ഞങ്ങളെ കൊണ്ടുപോയത്.എല്ലാവരും ബസിൽ കയറി.ബസെടുത്തു.ഞങ്ങൾ  ഞങ്ങളുടെ യാത്ര സന്തോഷത്തോടെ തുടങ്ങി.കളിച്ചും, ചിരിച്ചും,തമാശകൾ പറഞ്ഞും,പാട്ടുപാടിയുമെല്ലാം ഞങ്ങൾ ഞങ്ങളുടെ യാത്ര ഗംഭീരമാക്കി.പോകുന്ന വഴിയേ ഞങ്ങൾ ഫാന്റസീപാർക്കും, മലമ്പുഴയുമെല്ലാം കണ്ടു.സ്നേക്ക് പാർക്കിൽ മലമ്പാമ്പുകളുടെ കളിയായിരുന്നു.ആ കാഴ്ച്ച ഞങ്ങളെയെല്ലാവരെയും

അറപ്പിക്കുന്ന തരത്തിലായിരുന്നു.അങ്ങനെ ആ കാഴ്ച്ചയും മറികടന്ന് ഞങ്ങൾ മുന്നോട്ടു പോയി.യാത്രയിൽ ഞങ്ങൾ ക്യാമറയും കയ്യിൽ കരുതിയിരുന്നു.യത്രക്കിടയിലെ ആസുലഭമായ നിമിഷങ്ങൾ ഞങ്ങൾ ക്യാമറയിൽ ഒപ്പിയെടുത്തു.അങ്ങനെ ഞങ്ങൾ നിർമലാമാതാ സ്കൂളിന്റെ മുൻപിൽ എത്തി.കുറച്ചപ്പുറത്ത് ബസ് നിർത്തി ഞങ്ങൾ ഒരു ഊടുവഴിയിലൂടെ നടന്നു നീങ്ങി.ഞങ്ങളെ കണ്ട് എല്ലാവരും മിഴിച്ചു നോക്കി നിൽക്കുന്നുണ്ടായിരുന്നു.അങ്ങനെ ഞങ്ങൾ ഡയറി ഫാമിലെത്തി.ഡയറി ഫാമിനകത്ത് കയറുന്നതിനു മുൻപ് അവർ ഞങ്ങൾക്ക് മുടി കവർ ചെയ്യാനുള്ള ഒരു സാധനം തന്നു.അതൊക്കെ ധരിച്ച് ഞങ്ങൾ ഫാമിനകത്തേക്ക് കയറി.

ആദ്യം ,അവിടെ ജോലി ചെയ്യുന്ന ഒരു സ്റ്റാഫ്  വന്ന് ഞങ്ങളെ സ്വാഗതം ചെയ്ത് സംസാരിച്ചു. പിന്നീട് ഞങ്ങൾക്ക് പാലിലെ മൈക്രോബാക്ടീരിയകളെ

നശിപ്പിച്ച് പാലിനെ ശുദ്ധീകരിക്കുന്ന ഒരു പ്രക്രിയ കാണിച്ചു തന്നു.പാല് ആദ്യം നോർമൽ താപനിലയിൽ ഒരു പൈപ്പിലൂടെ വന്ന് ഒരു ടാങ്കിലേക്ക് വീഴുകയും ,ആ പാൽ നല്ല ചൂടിൽ മറ്റൊരു ടാങ്കിലേക്കും വന്നു വീഴുകയും ചെയ്യുന്നു.പിന്നീട് ആ പാല് നല്ല വണ്ണം തണുപ്പിച്ച് വേറൊരു ടാങ്കിലേക്ക് വന്നു വിഴുന്നു.ഈ പ്രക്രിയ ഞങ്ങളെ സ്വാഗതം ചെയ്ത് സംസാരിച്ച അങ്കിൾ വന്ന് വിശദീകരിച്ചു തന്നു.ഞങ്ങൾ നടന്നിരുന്ന സ്ഥലം മുഴുവൻ വെള്ളമായിരുന്നു.ആ വെള്ളം പാലിന്റെ ശുദ്ധീകരണ സമയത്ത് പുറന്തള്ളുന്നതാണെന്നും,ഇങ്ങനെ വരുന്ന പാഴ്വെള്ളം സംഭരിച്ച് ശുദ്ധീകരിച്ച് കൃഷി ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നുവെന്നും അവർ പറഞ്ഞു.അതിനു ശേഷം ചായ വന്നു.അങ്ങനെ ചായയൊക്കെ കുടിച്ച് ഇരുന്നപ്പോൾ സമയം പോയതേയറിഞ്ഞില്ല.അടുത്തത് പാൽ

പായ്ക്കുചെയ്യുന്നതിന്റെ ഘട്ടമായിരുന്നു.ഞങ്ങളെല്ലാവരും അതു കാണാനായി പാക്കിങ്ങ് മെഷീനിന്റെ അടുത്തുപോയി നിന്നു.കണ്ണടച്ച് തുറക്കുന്നതിനുള്ളിൽ ഓരോ പാൽ പായ്ക്കറ്റുകൾ  വന്നു വീണുകൊണ്ടേയിരിക്കും.അത് കണ്ടു തന്നെ മനസിലാക്കണം.ഞങ്ങൾ  ക്യാമറയിൽ അതിന്റെ വീഡിയോ എടുത്തിരുന്നു.അങ്ങനെ ഇറങ്ങാം നേരത്ത് നന്ദിപറയുന്നതിനോടോപ്പം അവരോട് ഒരുപാട് ചോദ്യങ്ങളും  ചോദിച്ചു.അങ്ങനെ എല്ലാം കഴിഞ്ഞ് ഞങ്ങൾ സ്കൂൾ ബസിൽ കയറി യാത്രതിരിച്ചു.പോവുന്ന വഴിയേ ഞങ്ങൾ ,ഞങ്ങളുടെ പഴയ എച്ച്.എം ആയിരുന്ന വിജയലക്ഷ്മി ടീച്ചറേ കാണാനായി ആശ്രമം സ്കൂളിൽ കയറി.ആ സ്കൂളിന് വളരെനല്ല ഒരു അന്തരീക്ഷമായിരുന്നു.ഞങ്ങൾ ഒരുമിച്ച് അവിടെനിന്ന് ഒരുപാട് ഫോട്ടോസെടുക്കുകയും,ആ സ്കൂളിലെ എല്ലായിടവും ചുറ്റിനടന്ന് കാണുകയും ചെയ്തു.അങ്ങനെ ഒരുപാടുനേരം അവിടെ

ചിലവഴിച്ചതിനുശേഷം  എല്ലാവരോടും യാത്ര ചോദിച്ച് വീണ്ടും ഞങ്ങൾ യാത്ര തിരിച്ചു .പോവുന്ന വഴിയേ ഞങ്ങൾക്ക് ഡാമുതുറന്ന് പാലരുവി പോലെ ഒഴുകി വരുന്ന വെള്ളം കാണാൻ സാധിച്ചു.ആ സുന്ദരമായ ദൃശ്യം ഫോണുകളിലും ,ഞങ്ങളുടെ ഓർമകളിലും പകർത്തി ഞങ്ങൾ മുന്നോട്ടു പോയി.അങ്ങനെ ഒരു മനോഹരമായ യാത്രയും നടത്തി എല്ലാവരും അവരവരുടെ വീട്ടിലേക്ക് തിരിച്ചു.ഈ ആഹ്ലാദകരമായ യാത്ര എന്നും എന്റെ ജീവിതത്തിലെ നല്ല ഒരു ഓർമയായിരിക്കും.

by,
സുതി.s
9.b

# എന്റെ വിദ്യാലയം

ജി.എച്ച്.എസ്.ഉമ്മിനി സ്കൂൾ പാലക്കാട് ജില്ലയിൽ ഒലവക്കോട് നിന്ന്മാറി ഉമ്മിനി എന്ന സ്ഥലത്താണ് പ്രവർത്തിക്കുന്നത്.50-തിലധികം വർഷമായി വിദ്യാലയം പ്രവർത്തനം ആരംഭിച്ചിട്ട്.ആദ്യം ഒരു എൽ.പി.സ്കൂളായി പ്രവർത്തനം ആരംഭിച്ച് ,2013-ൽ യു.പി സ്കൂളും,2015-ൽ എൽ.പി.സ്കൂളുമായി ഉയർത്തപ്പെട്ടു.തുടക്കത്തിൽ 300 കുട്ടികളുമായി ആരംഭിച്ച വിദ്യാലയത്തിൽ ഇന്ന് 1000-ത്തോളം കുട്ടികളും,35-തിലധികം അധ്യാപകരും ഉണ്ട്.ജില്ലയിലെത്തന്നെ മികച്ച അധ്യാപകരാണ് ഇവിടെ സേവനം അനുഷ്ഠിക്കുന്നത്.ഇവിടെ എല്ലാ വിദ്യാർത്ഥികൾ

ക്കും പോഷകസമ്പന്നമായ ഉച്ചഭക്ഷണം ലഭ്യമാകുന്നു.
ഈ വിദ്യാലയത്തിന് ഇന്ന് സ്കൂൾ ബസ് സൗകര്യവുമുണ്ട്.വിദ്യാലയത്തിൽ ലൈബ്രറി സൗകര്യവും ,ആഴ്ചകൾ തോറും സന്ദർശത്തിനും,പുസ്തകങ്ങൾ വായിക്കാനും,എടുക്കാനും സൗകര്യമുണ്ട്.ഈ വിദ്യാലയത്തിൽ സ്മാർട്ട് റൂമും,അഡൽറ്റിംഗറിഗ് ലാബും പ്രവർത്തിച്ചുവരുന്നു.

ഈവിദ്യാലയത്തിൽ ഞാൻ ചേർന്നിട്ട് ഒരുവർഷം  കഴിഞ്ഞിരിക്കുന്നു.ഒൻപതാം തരം വിദ്യാർഥിയായ ഞാൻ എന്റെ സ്കൂളിന്റെ വളർച്ചയിൽ അഭിമാനിക്കുന്നു.

by,
സഞ്ജയ്.L.S

# കത്ത്

25.11.2019

ഉമ്മിനി

പ്രിയപ്പെട്ട ആദിത്യന്,

നിനക്ക് സുഖമാണെന്ന് വിശ്വസിക്കുന്നു. നിന്ന്, ഞാൻ ഈ കഴിഞ്ഞ പതിനഞ്ചാം തീയതി,സ്കൂളിൽ നിന്ന് ഒരു വിനോദയാത്ര പോയി.എന്റെ ക്ലാസിൽ നിന്ന് ഞാൻ മാത്രമേ ഉണ്ടായിരുന്നുള്ളൂ.എന്നാൽ മറ്റു ക്ലാസ്സുകളിൽ നിന്ന് 5 കുട്ടികൾ ഉണ്ടായിരുന്നു.യാത്ര കൊച്ചിയിലേക്കായിരുന്നു.ആദ്യം ഞങ്ങൾ എയർ പ്പോർട്ടിലേക്കാണ് പോയത്.എല്ലാവർക്കും വിമാനം പറക്കുന്നത് കാണാൻ പറ്റി.അവിടെ നിന്ന് നേരേ പോയത് കൊച്ചി മെട്രോയിലേക്കാണ്.ഞങ്ങൾ അവിടെ 9.40-തിന് എത്തി.ആലുവയിൽ നിന്ന് കയറി,കളമശേരിയിൽ ഇറങ്ങി.അവിടെ ഞങ്ങളുടെ ബസ് ഉണ്ടായിരുന്നു.ബസ് മുഴുവൻ DJ ആയിരുന്നു.ബസിൽ കുട്ടികളും ടീച്ചർ മാരും പാട്ട് പാടി ഡാൻസ് കളിച്ചു.മെട്രോ കഴിഞ്ഞ് നേരേ മറൈൻ ഡ്രൈവിലെത്തി.അവിടെ അരമണിക്കൂർ ബോട്ടിങ്.ബോട്ടിങ്ങ് കഴിഞ്ഞ് ഉച്ചഭക്ഷണം കഴിക്കുന്നതിനുള്ള സ്ഥലം തിരയലായി,അവസാനം കിട്ടി.കലക്കൻ സ്ഥലമായിരുന്നു....ഭക്ഷണംകഴിഞ്ഞ് അടുത്തത് കടലിലേക്കാണ് പോയത്.3 മണിക്ക് അവിടെ എത്തി.മുട്ടോളം വെള്ളത്തിൽ മാത്രം

ഇറങ്ങിയിരുന്ന ഞാൻ ,അവിടെ കഴുത്തോളം വെള്ളത്തിലിറങ്ങി.5.30 ആയപ്പോൾ  കടലിനോട് ബൈ പറഞ്ഞ് ഞങ്ങൾ പാലക്കാട്ടേക്കു തിരിച്ചു.രാത്രി 7 മണിക്ക് ഞങ്ങൾ കാക്കനാടെത്തി.അവിടെ ഒരു ഹോട്ടലിൽ നിന്ന് ഭക്ഷണം കഴിച്ചു.തിരിച്ചു വരുമ്പോൾ ഞങ്ങളും ടീച്ചേർസും കലക്കൻ ഡാൻസായിരുന്നു.

അങ്ങനെ ഒരു പിടി നല്ല ഓർമ്മകളുമായി ഞാൻ രാത്രി 10 മണിക്ക് ബസിറങ്ങി വീട്ടിലേക്കു നടന്നു.നീ ഇല്ലാത്തതിന്റെ സങ്കടവും ദുഃഖവുമുണ്ടായിരുന്നു.അടുത്ത യാത്ര നമുക്കൊരുമിച്ചു നടത്തണം.നിന്റെ മറുപടിക്കായി ഞാൻ കാത്തിരിക്കുന്നു.

എന്ന്,

സ്നേഹപൂർവം,

സഞ്ജയ്

BY,
SANJAY
9.B

# ഇറച്ചിക്കോഴികൾ വിൽപനയ്ക്ക്

മനോഹരമായ ഒരു കൊച്ച ഗ്രാമത്തിൽ ഒരു അധ്വാനിയായ കർഷകൻ ഉണ്ടായിരുന്നു.അദ്ദേഹം തന്റെ വയലിൽ നന്നായി അധ്വാനിച്ച് ,അതൊരു സ്വർണഭ്രമിയാക്കി മാറ്റിയിരുന്നു.അദ്ദേഹത്തിന് അഞ്ചാൺമക്കൾ ഉണ്ടായിരുന്നു.അഞ്ചാമത്തെ മകന് ആറു വയസ്സായപ്പോൾ അദ്ദേഹത്തിന്റെ ഭാര്യ മരിച്ചു.പിന്നീട് ആ അഞ്ചു മക്കളേയും വളർ ത്തിയത് അദ്ദേഹമാണ്.വയലിൽ നിന്നു കിട്ടുന്ന തുച്ഛമായ വരുമാനം മക്കളുടെ ആഹാരത്തിന് പോലും തികയുന്നുണ്ടായിരുന്നില്ല.അതിനാൽ അദ്ദേഹം മിക്ക ദിവസങ്ങളിലും ഒഴിഞ്ഞ വയറോടെയാണ് ഉറക്കത്തിലേക്ക് ചായുക.കാലങ്ങൾ കടന്നു പോയി.അയാളുടെ

മക്കളെല്ലാം വളർന്ന് വലിയ
ഉദ്യോഗസ്ഥരായി.ആ പാവം കർഷകന്
പണിയെടുക്കാൻ വയ്യാതായി.മക്കൾ ആരും
അദ്ദേഹത്തെ ശ്രദ്ധിക്കാതായി.അദ്ദേഹം ഇപ്പോൾ
ഇറച്ചിക്കോഴികൾക്കു സമമായി.കാരണം,മരണം
അദ്ദേഹത്തിനടുത്തെത്തി.അയാളുടെ മുഷിഞ്ഞ
വേഷവും,രൂപവുമെല്ലാം മക്കളിൽ
അദ്ദേഹത്തോടുള്ള
വെറുപ്പുളവാക്കി.പ്രതീക്ഷിക്കാതൊരു ദിവസം
അദ്ദേഹത്തിന്റെ മൂത്ത മകൻ, അദ്ദേഹത്തെ
ആശുപത്രിയിലേക്കാണെന്ന പേരിൽ,ഒരു
വൃദ്ധസദനത്തിൽ ഉപേക്ഷിച്ചു.മാസങ്ങൾ ഒരുപാടു
കടന്നു പോയി.എന്നിട്ടും അദ്ദേഹത്തെ കൊണ്ടു
പോകാൻ ആരും തന്നെ
വന്നില്ല.വൃദ്ധസദനത്തിലെ നല്ല ഭക്ഷണവും,

പരിചരണവും കൊണ്ട് അദ്ദേഹം നല്ല തടി വയ്ക്കുകയും,തീരെ വയ്യാതാവുകയും ചെയ്തു.ശരിക്കും ഒരിറച്ചിക്കോഴിയെപ്പോലെ  മരണം കാത്ത് അദ്ദേഹം കിടപ്പിലായി.എങ്കിലും തന്റെ പൊന്നു മക്കൾ തന്റെയടുത്ത് വരുമെന്ന് കരുതി അദ്ദേഹം ആശ്വസിച്ചു.അദ്ദേഹം ആ വൃദ്ധസദനത്തിൽ ഒറ്റക്കായി,എന്നുപോവുമെന്നറിയാതെ.എന്നും അദ്ദേഹം നിൽക്കും,വിൽപ്പനയ്ക്കു വച്ച ഇറച്ചിക്കോഴികളെപ്പോലെ,ഗേയ്റ്റിന്റെ അഴികൾ പിടിച്ച്,നിസ്സഹായനായി,പ്രതീക്ഷയോടെ.......

by,

അൻഷിദ.എ

8.a

# അസൂയ

അസൂയയാണെനിക്ക് എല്ലാറ്റിനോടും...

അമ്മയോളം ക്ഷമയും വാത്സല്യവും

എന്നിലില്ലെന്നറിഞ്ഞപ്പോൾ,

എനിക്കമ്മയോട് അസൂയായി.

ഗുരുവിനോളം അറിവും

പാണ്ഡിത്യവും ഇല്ലെന്നറിഞ്ഞപ്പോൾ

ഗുരുവിനോടും എനിക്ക് അസൂയയായി.

പൈതലിൻ നിഷ്കളങ്കത

എന്നിലില്ലെന്നറിഞ്ഞപ്പോൾ,

പൈതലിനോടും എനിക്ക് അസൂയയായി.

അല്ലയോ, ഭഗവാനേ

അസൂയയാണനിക്കങ്ങയോടും,

അസൂയയുടെ ഈ ലോകത്ത്

അങ്ങില്ലല്ലോ.....

# നന്ദി

# ജി.എച്ച്. എസ് ഉമ്മിനി